International Labour Organization

# സമർത്ഥരായി യാത്ര ചെയ്യൂ  സമർത്ഥരായി ജോലി ചെയ്യൂ.

അറേബ്യൻ ഐക്യനാടുകളിലെ ഇന്ത്യൻ പ്രവാസി ജോലിക്കാർക്കു വേണ്ടിയുള്ള ഒരു മാർഗ്ഗനിർദ്ദേശക പുസ്തകം.



സുരക്ഷിതമായ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുകയും പ്രവാസി തൊഴിലാളികളുടെ അവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു.

പകർപ്പവകാശം : അന്താരാഷ്ട്ര തൊഴിൽ സംഘടന (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ)
ആദ്യ പ്രസിദ്ധീകരണം

അന്താരാഷ്ട്ര തൊഴിൽ സംഘടനാ പ്രസിദ്ധീകരണങ്ങളുടെ പകർപ്പവകാശം യൂണിവേഴ്സൽ കോപ്പിറൈറ്റ് കൺവെൻഷൻ ഔദ്യോഗികചട്ടം അനുസരിച്ചുള്ളതാണ്. എന്നിരുന്നാലും, ഇതിൽ നിന്നുള്ള ഹ്രസ്വഭാഗങ്ങൾ ഔദ്യോഗിക അനുവാദമില്ലാതെ പുന:പ്രസിദ്ധീകരിക്കാവുന്നതാണ് . ഇങ്ങനെ ചെയ്യുമ്പോൾ സ്രോതസ്സ് വെളിപ്പെടുത്തിയിരിക്കണം. വിവർത്തനത്തിനോ പുന: പ്രസിദ്ധീകരണത്തിനോ ഉള്ള അവകാശത്തിനായി എന്ന വിലാസത്തിലോ ________________ എന്ന ഇ മെയിൽ വിലാസത്തിലോ അപേക്ഷിക്കേണ്ടതാണ്. അത്തരം അപേക്ഷകളെ അന്താരാഷ്ട്ര തൊഴിൽ സംഘടനാ ഓഫീസ് സ്വാഗതം ചെയ്യുന്നു.

പുന:പ്രസിദ്ധീകരണാവകാശ സംഘടനാ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വായനശാലകൾ, സ്ഥാപനങ്ങൾ, മറ്റു ഉപയോക്താക്കൾ എന്നിവയ്ക്ക് ഈ ഉദ്ദേശത്തിനായി അവർക്കനുവദിക്കപ്പെട്ട ലൈസൻസ് പ്രകാരം പതിപ്പുകൾ പ്രസിദ്ധീകരിക്കാവുന്നതാണ്. നിങ്ങളുടെ രാജ്യത്തെ പുന: പ്രസിദ്ധീകരണാവകാശ സംഘടന ഏതെന്നു കണ്ടെത്തുവാൻ ___________ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

---

സമർത്ഥരായി യാത്ര ചെയ്യുക സമർത്ഥരായി ജോലി ചെയ്യുക : യു എ ഇ യിലെ ഇന്ത്യൻ പ്രവാസി തൊഴിലാളികൾക്കായുള്ള ഒരു മാർഗ്ഗനിർദ്ദേശക പുസ്തകം.

അന്താരാഷ്ട്ര കുടിയേറ്റം / പ്രവാസി തൊഴിലാളി/ ഇന്ത്യൻ/ തൊഴിലാളികളുടെ അവകാശങ്ങൾ/ തൊഴിൽ സാഹചര്യങ്ങൾ/ നിയമകാര്യങ്ങൾ/ യു എ ഇ

ഈ പ്രസിദ്ധീകരണം യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ തയാറാക്കിയതാണ്. യൂറോപ്യൻ യൂണിയന്റെ വീക്ഷണങ്ങളെ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടി ഈ പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കം, ഒരു തരത്തിലും ഉപയോഗിക്കുവാൻ പാടുള്ളതല്ല

---

ഐ എൽ ഓ പ്രസിദ്ധീകരണങ്ങളിൽ ഉപയോഗിച്ചിട്ടുള്ള, ഐക്യരാഷ്ട്ര സംഘടനയുടെ വ്യവഹാരങ്ങൾക്ക് അനുസൃതമായ ആശയങ്ങളും അവയിലെ ഉള്ളടക്കത്തിന്റെ അവതരണവും ഏതെങ്കിലും രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ നാടിന്റെയോ നിയമപരമായ പദവിയെയോ അതിന്റെ ഭരണാധികാരികളെയോ അതിർത്തിനിർണ്ണയങ്ങളെയോ കുറിച്ചുള്ള അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ അഭിപ്രായങ്ങളെ ഒരു തരത്തിലും പ്രതിഫലിപ്പിക്കുന്നില്ല.

ലേഖകരുടെ പേരോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ള ഉപന്യാസങ്ങൾ, പഠനങ്ങൾ, മറ്റു കുറിപ്പുകൾ എന്നിവയിലെ അഭിപ്രായങ്ങളുടെ ഉത്തരവാദിത്തം അവയുടെ ലേഖകർക്ക് മാത്രമാണ്. അവ പ്രസിദ്ധീകരിക്കുന്നു എന്നതുകൊണ്ട് ആ അഭിപ്രായങ്ങളെ അന്താരാഷ്ട്രസംഘടന അംഗീകരിക്കുന്നുവെന്ന് അർത്ഥമാക്കുന്നില്ല.

സ്ഥാപനങ്ങളുടെയോ വാണിജ്യോത്പന്നങ്ങളുടെയോ പ്രക്രിയകളുടെയോ പേരുകളുടെ പരാമർശം അന്താരാഷ്ട്ര തൊഴിൽ സംഘടന അവയ്ക്ക് അംഗീകാരം നൽകുന്നുവെന്ന് അർത്ഥമാക്കുന്നില്ല. ഏതെങ്കിലും പ്രത്യേക സ്ഥാപനത്തിന്റെയോ ഉത്പന്നത്തിന്റെയോ പ്രക്രിയയുടെയോ പേരു പരാമർശിക്കപ്പെടാതെ പോകുന്നത് അവയോടുള്ള അവഗണനയോ നിരാകരണമോ അല്ല.

ഐ എൽ ഓ പ്രസിദ്ധീകരണങ്ങളും ഇലക്ട്രോണിക് ഉത്പന്നങ്ങളും പ്രമുഖ പുസ്തകവിൽപ്പനശാലകളിൽ നിന്നോ നിരവധി രാജ്യങ്ങളിലെ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഓഫീസുകളിൽ നിന്നോ അല്ലെങ്കിൽ നേരിട്ടോ ലഭിക്കും.

കാറ്റലോഗുകളും പുതിയ പ്രസിദ്ധീകരണങ്ങളുടെ പട്ടികകളും മേൽപ്പറഞ്ഞ വിലാസത്തിൽ നിന്നും

സൗജന്യമായി ലഭിക്കുന്നതാണ്. : pubvente@ilo.org എന്ന ഇ മെയിൽ വിലാസത്തിൽ നിന്നും ഇവ ലഭ്യമാകും.

ഞങ്ങളുടെ വെബ് സൈറ്റ് സന്ദർശിക്കുക _______________ അഥവാ _____________

---

ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത്.

## നിങ്ങൾ അറേബ്യൻ ഐക്യനാടുകളിൽ (യുഎഇ) ജോലിചെയ്യുകയോ ജോലിചെയ്യുവാൻ തയാറെടുക്കുകയോ ആണോ?



കൂടുതൽ സുരക്ഷിതമായി ജീവിക്കുന്നതിനും  സ്വസ്ഥവും കാര്യക്ഷമവുമായ വിധത്തിൽ ജോലിചെയ്യുന്നതിനും ഈ ലഘുലേഖയിലടങ്ങിയിരിക്കുന്ന വിവരങ്ങൾ നിങ്ങളെ സഹായിക്കും. കൂടാതെ, ചൂഷണം, പീഢനം എന്നിവയിൽ നിന്നും രക്ഷപ്പെടുന്നതിനും ഇവ സഹായകമാകും.

ഓർമ്മിക്കുക, എല്ലായ്പ്പോഴും: **നിങ്ങളുടെ** താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു യുഎഇയിലുള്ള ഏറ്റവും അനുയോജ്യനായ വ്യക്തി **നിങ്ങൾ** തന്നെയാണ് !



**അതിനാൽ സമർത്ഥരായി യാത്ര ചെയ്യൂ,**
**സമർത്ഥരായി ജോലി ചെയ്യൂ !**

## ബോധവാൻമാരാകൂ - ജാഗ്രതയോടെയിരിക്കൂ



ഇന്ത്യയിൽ നിന്ന്, ഓരോ ദിവസവും നിങ്ങളെപ്പോലെയുള്ള നൂറുകണക്കിനാളുകൾ ജോലിയ്ക്കായി അറേബ്യൻ ഐക്യനാടുകളിലെത്തുന്നുണ്ട്. പുതുതായി എത്തിച്ചേരുന്ന പ്രവാസികളിൽ ഭൂരിപക്ഷവും കാര്യമായ കഷ്ടപ്പാടുകൾ അനുഭവിക്കാതെ തന്നെ തൊഴിലാളി സമൂഹത്തിൽ അംഗങ്ങളാകുന്നു. പക്ഷേ ചിലരൊക്കെ വളരെ കഠിനമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.

അത്തരം ദുഷ്കര സാഹചര്യങ്ങൾ ഒഴിവാക്കുവാൻ മാർഗ്ഗങ്ങളുണ്ട്. കൂടാതെ, നിങ്ങൾ അധിക്ഷേപത്തിനിരയാകുകയാണെങ്കിൽ, സഹായിക്കുന്നതിന് അവിടെ ആളുകളുമുണ്ട്.

## നിങ്ങൾക്ക് അവകാശങ്ങളുണ്ട്

ഒരു രാജ്യത്തെ നിങ്ങളുടെ നിയമാനുസൃതമായ സ്ഥാനം എന്തു തന്നെയിരുന്നാലും, മനുഷ്യാവകാശപരമായ സംരക്ഷണവും അംഗീകാരവും ലഭിക്കുവാൻ നിങ്ങൾക്കർഹതയുണ്ട്. ഒപ്പം പീഡനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും മുക്തമായൊരു ജീവിതത്തിനുള്ള അവകാശവുമുണ്ട്.

യു എ ഇ യിൽ ജോലിചെയ്യുമ്പോഴുള്ള നിങ്ങളുടെ അവകാശങ്ങളെപ്പറ്റി ഒപ്പം ഉത്തരവാദിത്തങ്ങളെപ്പറ്റിയും ഈ മാർഗ്ഗനിർദ്ദേശക പുസ്തകം നിങ്ങളെ ബോധവാൻമാരാക്കും. ഒരു പ്രവാസി തൊഴിലാളി എന്ന നിങ്ങളുടെ അവസ്ഥയെ മുതലെടുക്കുവാൻ ശ്രമിക്കുന്നവരിൽ നിന്നും സ്വയം സംരംക്ഷിക്കുന്നതിന് ഈ വിവരങ്ങൾ സഹായകമാകും.

## പ്രാരംഭമായി, അറേബ്യൻ ഐക്യനാടുകളിലേയ്ക്ക് യാത്ര പുറപ്പെടുന്നതിനു മുൻപ് താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുക

- ഗൾഫ് കോ ഓപ്പറേഷൻ കൗൺസിലിലെ (യു എ ഇ) യു എ ഇ ഉൾപ്പടെയുള്ള ഓരോ രാജ്യവും പ്രവാസി തൊഴിലാളി സമൂഹത്തെ കൈകാര്യം ചെയ്യുന്നത് സ്പോൺസർ ഷിപ്പ് അഥവാ കഫാല വ്യവസ്ഥ വഴിയാണ്. ഈ വ്യവസ്ഥയിൽ, നിങ്ങൾ സാമ്പത്തികമായും നിയമപരമായും നിങ്ങളുടെ തൊഴിൽദാതാവിന്റെ (സ്പോൺസർ അഥവാ കഫീൽ എന്നും അറിയപ്പെടുന്ന ആൾ ) പൂർണ്ണമായ ഉത്തരവാദിത്തത്തിലാണ്. നിങ്ങൾക്ക് വാസസ്ഥലത്തിനുള്ള അനുമതിയും (റെസിഡൻസ് പെർമിറ്റ്) തിരിച്ചറിയൽ കാർഡും (എമിറേറ്റ്സ് ഐ ഡി കാർഡ്) ലഭ്യമാക്കുന്നത് തൊഴിലുടമയുടെ (സ്പോൺസറിന്റെ ) കടമയാണ്. അങ്ങനെ, ആ രാജ്യത്ത് ജീവിക്കുന്നതിനും ജോലി ചെയ്യുന്നതിനുമുള്ള നിങ്ങളുടെ നിയമപരമായ അർഹത പൂർണ്ണമായും തൊഴിലുടമയെ ആശ്രയിച്ചിരിക്കുന്നു. അയാളുടെ അനുമതിയില്ലാതെ നിങ്ങൾക്ക് ആ രാജ്യത്തേയ്ക്ക് കടക്കുവാനോ ആ രാജ്യം വിട്ടുപോരുവാനോ സാധിക്കുകയില്ല. തൊഴിലുടമ ഒരു തദ്ദേശ പൗരനോ ഒരു കമ്പനിയോ ആകാം.

- രാജ്യത്തെ തൊഴിൽ നിയമമനുസരിച്ചാണ് യു എ ഇ യിലെ സ്വകാര്യമേഖലാ തൊഴിലാളികൾ നിയന്ത്രിക്കപ്പെടുന്നത്. നിങ്ങൾ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിചെയ്യുകയാണെങ്കിൽ, തൊഴിൽ നിയമം അനുശാസിക്കുന്ന എല്ലാ വിധ സംരക്ഷണങ്ങളും ലഭിക്കുന്നതിനു നിങ്ങളർഹരാണ്. എന്നിരുന്നാലും ഇതിനു ചില അപവാദങ്ങളുണ്ട്. നിങ്ങൾ, ഗാർഹിക തൊഴിലാളി (സ്വകാര്യഭവനങ്ങളിൽ വീട്ടുജോലിക്കാരായോ ഉദ്യാനപാലകരായോ ജോലി ചെയ്യുന്നവർ) കൃഷിപ്പണിക്കാരൻ, തോട്ടം തൊഴിലാളി, ദിവസക്കൂലിയ്ക്ക് പണിയെടുക്കുന്നയാൾ, ഗവണ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥൻ, സൈനികവിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ആൾ, പോലീസ്, സുരക്ഷിതത്വ സേന എന്നിവയിലെ ജോലിക്കാരൻ എന്നിങ്ങനെയുള്ള ഏതെങ്കിലും വിഭാഗങ്ങളിൽ പെട്ട ആളാണെങ്കിൽ തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുകയില്ല. അതായത്, ജോലിയുടെ വ്യവസ്ഥകളനുസരിച്ച്, തൊഴിലുടമയുമായുള്ള കരാറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് അനുസൃതമായേ നിങ്ങൾക്ക് സംരക്ഷണം ലഭ്യമാകുകയുള്ളു. ഈ അവകാശം ഒരു സിവിൽ കോടതി മുഖേന സ്ഥിരീകരിക്കുവാൻ കഴിയുന്നതുമാണ്.



- കഫാല വ്യവസ്ഥയിലെ ചില ഘടകങ്ങൾ യു എ ഇ യിൽ പുനർ വിശകലനം ചെയ്തുവരികയാണ്. കഫാല വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും തീരുമാനം ഇനിയും നടപ്പിലാക്കിയിട്ടില്ല. ഈ വിവരങ്ങൾ കാലാനുസൃതമായി നിങ്ങൾ സ്വയം മനസ്സിലാക്കേണ്ടതാണ്.

## ഇന്ത്യയിൽ നിന്നു വിദേശത്തേയ്ക്ക് പോകുമ്പോൾ താഴെപ്പറയുന്ന രേഖകൾ നിങ്ങളുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

- കുറഞ്ഞത് ആറുമാസത്തേയ്ക്കെങ്കിലും കാലാവധിയുള്ള പാസ്പോർട്ട്, ഒപ്പം പോകാനുദ്ദേശിക്കുന്ന രാജ്യത്തിന്റെ നിയമസാധുതയുള്ള വിസയും.
- പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് നൽകുന്ന എമിഗ്രേഷൻ ക്ലിയറൻസ്.
- കാലാവധിയുള്ള ഇന്ത്യൻ പ്രവാസി ഇൻഷുറൻസ് സർട്ടിഫിക്കറ്റ് (പ്രവാസി ഭാരതീയ ബീമാ യോജന)

**നിങ്ങളുടെ പാസ്പോർട്ടും എമിഗ്രേഷൻ ക്ലിയറൻസും മാത്രമേ ഇന്ത്യൻ വിമാനത്താവളത്തിലെ എമിഗ്രേഷൻ ഓഫീസറെ കാണിക്കേണ്ടതുള്ളു.** എന്നിരുന്നാലും താഴെപ്പറയുന്ന രേഖകളുടെ കോപ്പികൾ നിങ്ങൾ കൈവശം വയ്ക്കേണ്ടതാണ്:

- ഇന്ത്യൻ മിഷൻ സാക്ഷ്യപ്പെടുത്തിയ ജോലി വാഗ്ദാനക്കത്ത് (ജോബ് ഓഫർ ലെറ്റർ).
- വൈദ്യ പരിശോധനാ റിപ്പോർട്ട്

- **രേഖകളുടെ കോപ്പികൾ നിങ്ങളുടെ കുടുംബാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ പക്കലും ഏൽപ്പിക്കുക.** മേൽപ്പറഞ്ഞ പട്ടികയിലെ എല്ലാ രേഖകളുടെയും പകർപ്പുകളെടുത്തിട്ടുണ്ടെന്നും അവയുടെ ഒരു സെറ്റ് ഇന്ത്യയിലുള്ള ഏതെങ്കിലും ഒരു കുടുംബാംഗത്തിന്റെയോ സുഹൃത്തിന്റെയോ കൈവശം ഉണ്ടെന്നും ഉറപ്പുവരുത്തുക. കോപ്പികൾ നിങ്ങളുടെ കൈവശവും കരുതുക. ക്യാമറയുള്ള ഫോൺ കൈവശം ഉണ്ടെങ്കിൽ എല്ലാ രേഖകളുടെയും ഫോട്ടോകൾ എടുത്ത് അതിൽ സൂക്ഷിക്കുക, കടലാസിലുള്ള രേഖകൾ നഷ്ടപ്പെടുകയാണെങ്കിൽ ഇവ ഉപയോഗപ്പെടും.

- നിങ്ങളുടെ സ്പോൺസർ/ തൊഴിലുടമയെ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചറിയുക: നിങ്ങളുടെ സ്പോൺസർ അഥവാ തൊഴിലുടമ (കഫീൽ) യെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ (പേര്, വിലാസം, ടെലിഫോൺ നമ്പർ) അന്വേഷിച്ച് അവ ശരിയാണോയെന്നു പരിശോധിക്കുക. തൊഴിലുടമ ഒരു വ്യക്തിയാണോ അതോ ഒരു കമ്പനിയാണോയെന്ന് അന്വേഷിക്കുക. സാധ്യമെങ്കിൽ, യാത്രയ്ക്കു മുൻപ് തൊഴിലുടമയുമായി സംസാരിക്കുക. തൊഴിലുടമയെ സംബന്ധിച്ച എല്ലാ വിവരങ്ങളും, പേര്, ഫോൺ നമ്പർ, മേൽവിലാസം എന്നിവ കുടുംബാംഗങ്ങളെ ധരിപ്പിക്കുകയും വേണം.
- നിങ്ങളുടെ റിക്രൂട്ട്മെന്റ് ഓഫീസിന്റെ രസീതുകളും വിശദവിവരങ്ങളും കൈവശം സൂക്ഷിക്കുക: നിങ്ങൾ ഒരു റിക്രൂട്ട്മെന്റ് സ്ഥാപനം വഴിയാണു ജോലി തരമാക്കിയതെങ്കിൽ, അതിന്റെ പേര്, വിലാസം, ബന്ധപ്പെടാവുന്ന വ്യക്തിയുടെ പേര്, ഫോൺ നമ്പർ എന്നിവ എഴുതി സൂക്ഷിക്കുക.( ഈ വിവരങ്ങൾ നിങ്ങളുടെ കൈവശം സൂക്ഷിക്കേണ്ടതും ഒരു ബന്ധുവിന്റെയോ സുഹൃത്തിന്റെയോ പക്കൽ നൽകേണ്ടതുമാണ്.) റിക്രൂട്ട്മെന്റ് സ്ഥാപനത്തിനു നൽകിയ പണത്തിന്റെ എല്ലാ രസീതുകളും സുരക്ഷിതമായ ഒരിടത്ത് സൂക്ഷിക്കുവാൻ മറക്കരുത്.
- പോകുന്നതിനു മുൻപ് മറ്റുള്ളവരുമായി സംസാരിക്കുക . യു എ ഇ യിലെ ജീവിതത്തെയും ജോലി സാഹചര്യങ്ങളെപ്പറ്റിയുമുള്ള അടിസ്ഥാന വിവരങ്ങൾ ലഭ്യമാകുന്നതിനായി ഇപ്പോൾ അവിടെ ജോലി ചെയ്യുന്നവരോ അടുത്തകാലത്ത് ജോലി ചെയ്തിരുന്നവരോ ആയിട്ടുള്ളവരോട് സംസാരിക്കുക.

## യു എ ഇ യിലേയ്ക്കുള്ള യാത്ര



**പണം.** യാത്ര ചെയ്യുന്ന വേളയിൽ എപ്പോഴും കുറച്ചു പണം (അമേരിക്കൻ ഡോളറിൽ) കൈവശം കരുതുക.

**മയക്കു മരുന്നുകൾ.** മയക്കമരുന്നുകളോ ഉത്തേജകമരുന്നുകളോ ആയിട്ടുള്ള ഏതെങ്കിലും വസ്തുക്കൾ കൈവശം വയ്ക്കുന്നത് യു എ ഇ യിൽ ഗുരുതരമായ ശിക്ഷ അർഹിക്കുന്ന കുറ്റകൃത്യമാണ്. അതിനാൽ അവിടേയ്ക്ക് യാത്ര ചെയ്യുമ്പോൾ ആരിൽ നിന്നെങ്കിലും അടുത്ത ബന്ധുക്കളിൽ നിന്നായാലും സമ്മാനങ്ങളോ മറ്റു വസ്തുക്കളോ സ്വീകരിക്കാതിരിക്കുന്നതിൽ അത്യധികം ശ്രദ്ധയുണ്ടാകണം.

**മരുന്നുകൾ.** മരുന്നുകൾ കൈവശം വയ്ക്കേണ്ടതുണ്ടെങ്കിൽ അതോടൊപ്പം ഡോക്ടറുടെ മരുന്നു കുറിപ്പു കൂടി കൂടെ സൂക്ഷിക്കുവാൻ മറക്കരുത്

**നിരോധിക്കപ്പെട്ട മറ്റു വസ്തുക്കൾ.** മതപരമായ സാഹിത്യം, മദ്യം, അശ്ലീലമായ വീഡിയോ കാസറ്റുകൾ / സി ഡികൾ , മറ്റു അശ്ലീല സാഹിത്യങ്ങൾ, തുടങ്ങിയവ യു എ ഇ യിൽ നിരോധിച്ചിരിക്കുന്നു. ഇവ കൈവശം വയ്ക്കുന്നത് ശിക്ഷാർഹമാണ്.

## എത്തിച്ചേർന്നു കഴിഞ്ഞാൽ

ഫോൺ ചെയ്യുന്നതെങ്ങനെയെന്ന് അറിഞ്ഞിരിക്കണം. നിങ്ങളെ കൊണ്ടുപോകുന്നതിനായി യു എ ഇ യിലെ വിമാനത്താവളത്തിൽ ആരുമെത്തിയിട്ടില്ലെങ്കിൽ തൊഴിലുടമയ്ക്ക് ഫോൺ ചെയ്യേണ്ടതാണ്. തൊഴിലുടമയിൽ നിന്ന് പ്രതികരണമൊന്നും ലഭിക്കുന്നില്ലെങ്കിൽ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിലേയ്ക്ക് (എംബസ്സിയിലേയ്ക്ക് ) ഫോൺ ചെയ്യേണ്ടതാണ്.

## കരാർ (കോൺട്രാക്റ്റ്)

യു എ ഇ യിൽ ജോലി ചെയ്യുന്ന ഒരോ ഇന്ത്യാക്കാരനും ജോലിയ്ക്കായി പുറപ്പെടുന്നതിനു മുൻപേ തയാറാക്കിയ ഒരു കരാർ (കോൺട്രാക്ട്) ഉണ്ടായിരിക്കേണ്ടതാണ്. ജോലി, ലഭ്യമാക്കപ്പെട്ട വാസസ്ഥലം, ആനുകൂല്യങ്ങൾ എന്നിവയെപ്പറ്റി ആവശ്യമായ എല്ലാ വിവരങ്ങളും ഇതിൽ ഉണ്ടായിരിക്കണം.



- ഒരു കരാർ (കോൺട്രാക്റ്റ്) എന്നത് വളരെ അത്യവശ്യമായ ഒന്നാണ്, കാരണം തൊഴിലുടമയുടെയും തൊഴിലാളി അഥവാ നിങ്ങളുടെയും കടമകളും ചുമതലകളും വ്യക്തമാക്കുന്ന നിയമപരമായ പ്രമാണമാണത്. ഈ ഉടമ്പടിയുടെ ഒരു പകർപ്പ് നിങ്ങളുടെ കൈവശവും ഒപ്പം മറ്റൊന്ന് കുടുംബാംഗങ്ങളുടെയോ സുഹൃത്തിന്റെയോ പക്കലും സൂക്ഷിക്കേണ്ടതാണ്.

- ജോലിയ്ക്കുള്ള ക്ഷണപത്രം( ജോബ് ഓഫർ ലെറ്റർ), കരാർ എന്നിവ ഇന്ത്യൻ എംബസ്സി മുഖേന പരിശോധിച്ചു സാക്ഷ്യപ്പെടുത്തുന്നത് കൂടുതൽ നല്ലതാണ്. അതിൽ തൊഴിൽ ഉടമയും ഒരു എംബസ്സി ഉദ്യോഗസ്ഥനും ഒപ്പ് വച്ചിരിക്കേണ്ടതുണ്ട്. നിങ്ങൾക്ക് മിനിമം ശമ്പളം ഉറപ്പാക്കുന്നതിന് ഈ പരിശോധന സഹായിക്കുന്നു. (ഈ അവകാശം ഇന്ത്യൻ എംബസ്സിയുടെ വെബ് സൈറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്)

- **ഒരു റിക്രൂട്ട്മെന്റ് ഏജന്റ് (ആർഎ) ഈ മന്ത്രാലയവുമായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നും/പ്രസ്തുത ആർ എ സജീവമാണോ അല്ലയോ എന്നും അറിയാൻ ഇന്ത്യാ ഗവണ്മെന്റിന്റെ ഇനി പറയുന്ന വെബ്സൈറ്റിൽ റിക്രൂട്ടിങ് ഏജന്റുമാർ (ആർ എകൾ) എന്ന ഭാഗം പരിശോധിക്കുക** (www.moia.gov.in)

- **തൊഴിൽദാതാക്കളുടെ ഒരു മുൻകൂർ അനുമതി പട്ടിക ഈ മന്ത്രാലയം പരിപാലിക്കുന്നുണ്ട്.** നിങ്ങളുടെ തൊഴിൽ ദാതാവ് ആ പട്ടികയിൽ ഇല്ലേ എന്നു പരിശോധിക്കുക. ഈ പട്ടിക പ്രവാസകാര്യമന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. (Www.moia.gov.in)

- **കുവൈറ്റിൽ എത്തിയതിനുശേഷം ഉടമ്പടിയുടെ അസ്സൽ പതിപ്പിൽ ഒപ്പ് വയ്ക്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടേയ്ക്കാം.** അങ്ങനെ ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്ന വേളയിൽ, (ഇന്ത്യയിലോ കുവൈറ്റിലോ എവിടെയായിരുന്നാലും) അത് ശ്രദ്ധാപൂർവ്വം വായിച്ച് അതിലെ എല്ലാ വ്യവസ്ഥകളും മനസ്സിലാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. കരാർ പത്രം വായിച്ചു മനസ്സിലാക്കുവാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ വിശ്വാസമുള്ള ഒരാളുടെ സഹായം ആവശ്യപ്പെടേണ്ടതാണ്.

- **കുവൈറ്റിലെത്തിയതിനുശേഷം രണ്ടാമതൊരു കരാറിൽ (അസ്സൽ) ഒപ്പുവയ്ക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൽ,** അതിലെ വ്യവസ്ഥകളും ഉള്ളടക്കവും എല്ലാം ഇന്ത്യയിൽ വച്ചു നിങ്ങൾ ഒപ്പുവച്ചതോ അഥവാ നിങ്ങളെ ബോധ്യപ്പെടുത്തിയതോ ആയ കരാറിലേതു തന്നെയാണോയെന്ന് പരിശോധിച്ചറിയുക. എന്തെങ്കിലും സംശയം തോന്നുകയാണെങ്കിൽ ഇന്ത്യൻ എംബസ്സിയുടെ സഹായം തേടണം.

**നിങ്ങളുടെ ഉദ്യോഗക്കരാർ താഴെപ്പറയുന്ന വസ്തുതകൾ ഉൾക്കൊള്ളുന്നതായിരിക്കണം.**

- നിങ്ങളുടെ പേര്, പാസ്സ്പോർട്ട് നമ്പർ, ദേശീയത, തൊഴിൽ, വിദ്യാഭ്യാസയോഗ്യത, താമസസ്ഥലം.
- നിങ്ങളുടെ തൊഴിലുടമയുടെ പേരും, കമ്പനിയുടെ മേൽവിലാസവും/ നിങ്ങളുടെ ജോലിസ്ഥലവും.
- കരാർ ആരംഭിക്കുന്ന തീയതിയും തൊഴിലിനെ സംബന്ധിച്ച നിയമങ്ങളും നിബന്ധനകളും.
- കരാറിന്റെ കാലാവധിയും പ്രാരംഭപരിശീലനകാലയളവും (ഇത് ആറുമാസത്തിലധികമാകരുത്).
- നിങ്ങളുടെ തൊഴിൽ ഉത്തരവാദിത്തങ്ങളും ജോലി സമയവും അധികസമയ ജോലിയുണ്ടെങ്കിൽ (ഓവർ ടൈം) അതിന്റെ ദൈർഘ്യവും.
- അടിസ്ഥാന ശമ്പളവും ഭക്ഷണം, താമസസൗകര്യം എന്നിവയുൾപ്പടെയുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളും.
- ഓവർ ടൈം വേതനം കണക്കാക്കുന്നതെങ്ങനെയെന്ന വിവരം.
- വൈദ്യപരിരക്ഷ അല്ലെങ്കിൽ ഇൻഷ്വറൻസ് സംബന്ധമായ വിവരങ്ങൾ
- വാർഷികാവധിയുടെ കാലയളവും അവകാശപ്പെട്ട അവധി, മറ്റ് അവധികൾ (ചികിത്സാ സംബന്ധമോ പ്രസവാവധിയോ പോലുള്ള) വിമാനയാത്രക്കൂലി ലഭ്യത എന്നിവ.
- ജോലിയിൽ നിന്നു വിരമിക്കുമ്പോഴുള്ള ആനുകൂല്യങ്ങൾ
- കരാർ അവസാനിപ്പിക്കുന്നതും പുതുക്കുന്നതും സംബന്ധിച്ച വിവരങ്ങൾ

- തൊഴിൽ കരാർ എന്നത് ഒരു നിശ്ചിത കാലയളവിലേയ്ക്കോ അനിശ്ചിത കാലയളവിലേയ്ക്കോ ആകാവുന്നതാണ്. ഒരു നിശ്ചിത കാല കരാറിന്റെ പരമാവധി കാലാവധി നാലു വർഷമായിരിക്കും, എന്നാൽ അനിശ്ചിതകാല കരാർ ആണെങ്കിൽ അതിൽ പ്രാരംഭതീയതി മാത്രമേ കാണുകയുള്ളു. മിക്കവാറും ഇന്ത്യൻ ജോലിക്കാരുടെ കരാർ രണ്ടു വർഷ കാലാവധിയുള്ളതും ഒരിക്കൽ മാത്രം നീട്ടാവുന്നതുമായ നിശ്ചിതകാല കരാർ ആയിരിക്കും.
- യു എ ഇ യിൽ 'സൗജന്യ വിസ' എന്നത് ഇല്ല. ഓരോ വിസയും ഒരു രക്ഷാധികാരിയുടെ (സ്പോൺസർ) പേരിലായിരിക്കും നൽകപ്പെടുക. നിങ്ങൾ കൃത്യമായും അയാളുടെ ( ഒരു വ്യക്തിയോ കമ്പനിയോ) കീഴിൽ തന്നെ ജോലി ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിലെ ഏതെങ്കിലും തരത്തിലുള്ള ലംഘനം ഗുരുതരമായ നിയമനടപടികൾക്കു വഴിവയ്ക്കും. കനത്ത പിഴയും തടവു ശിക്ഷയും നാടുകടത്തലും ഈ നടപടികളിൽ ഉൾപ്പെടുന്നു.
- നിങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്കുതകുന്ന തരത്തിലുള്ള താമസസ്ഥലം തൊഴിലുടമ നൽകേണ്ടതാണ്. മിക്കവാറും തൊഴിലുടമകൾ അവരുടെ ജോലിക്കാർക്ക് താമസസൗകര്യങ്ങൾ സൗജന്യമായി നൽകാറുണ്ട്. നിങ്ങൾക്ക് സൗജന്യ താമസസ്ഥലത്തിന് അവകാശമുണ്ടോ അഥവാ അതിനായി നിങ്ങൾ പണം കൊടുക്കേണ്ടതുണ്ടോ എന്നത് തൊഴിലുടമയോട് ചോദിച്ചോ കോൺട്രാക്ട് പരിശോധിച്ചോ മനസ്സിലാക്കുക.
- അതു പോലെ, ഭൂരിപക്ഷം തൊഴിലുടമകളും അവരുടെ ഉദ്യോഗസ്ഥർക്ക് ഭക്ഷണം സൗജന്യമായി നൽകുകയോ ഭക്ഷണബത്ത അനുവദിക്കുകയോ ചെയ്യാറുണ്ട്. നിങ്ങൾക്ക് സൗജന്യ ഭക്ഷണത്തിന് അവകാശമുണ്ടോ അഥവാ അതിനായി നിങ്ങൾ പണം ചെലവാക്കേണ്ടതുണ്ടോ എന്നത് തൊഴിലുടമയോട് ചോദിച്ചോ കോൺട്രാക്ട് പരിശോധിച്ചോ മനസ്സിലാക്കുക.

## യു എ ഇ യിൽ എത്തിയതിനു ശേഷം താഴെപ്പറയുന്ന വസ്തുതകൾ നിങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

യു എ ഇ യിൽ എത്തിച്ചേർന്നു കഴിഞ്ഞാൽ നിങ്ങൾ ഒരു വൈദ്യപരിശോധനയ്ക്കു വിധേയമാകേണ്ടതാണ്. ആ വൈദ്യപരിശോധനയിൽ അയോഗ്യനാണെന്നു കണ്ടെത്തുകയോ പരാജയപ്പെടുകയോ ചെയ്താൽ നിങ്ങൾ ഇന്ത്യയിലേയ്ക്ക് മടക്കി അയയ്ക്കപ്പെടുന്നതാണ്.

തൊഴിലുടമ നിങ്ങൾക്കായി മെഡിക്കൽ ഇൻഷുറൻസ് എടുക്കേണ്ടതാണ്. ഇത് നിങ്ങളുടെ കരാർ കാലാവധി കാലത്തുടനീളം നിയമസാധുതയുള്ളതായിരിക്കണം. ഇതോടൊപ്പം ഒരു ഹെൽത്ത് കാർഡും നിങ്ങൾക്ക് നൽകപ്പെടും. (വൈദ്യസേവനങ്ങൾക്ക് ഉപയോഗിക്കുവാനുള്ളതാണിത്)

യു എ ഇ യിൽ എത്തിച്ചേർന്നു കഴിയുമ്പോൾ നിങ്ങൾക്ക് താമസത്തിനുള്ള അനുമതിയും (റെസിഡൻസ് പെർമിറ്റ്)തൊഴിലുടമ നൽകേണ്ടതാണ്. ഈ രാജ്യത്തേയ്ക്ക് പ്രവേശിക്കുവാൻ നിങ്ങൾക്ക് പ്രവേശന വിസ (എൻട്രി വിസ) മതിയാകുമെങ്കിലും എത്തിയതിനുശേഷമുള്ള താമസത്തിനായി തൊഴിലുടമ അനുമതി നേടിത്തരേണ്ടതാണ്. യു എ ഇ യിൽ യു എ ഇ യിൽ താമസിക്കുവാനും ജോലി ചെയ്യുവാനും ഒരു റെസിഡൻസ് പെർമിറ്റ് നിങ്ങളെ അർഹരാക്കുന്നു. ഫാമിലി വിസ, ഡിപ്പൻഡന്റ് വിസ എന്നിവയുടെ പിൻ ബലത്തിൽ നിങ്ങൾക്ക് യു എ ഇ യിൽ ജോലി ചെയ്യുവാൻ കഴിയില്ല. തൊഴിലുടമ നിങ്ങൾക്കായി മെഡിക്കൽ ഇൻഷ്വറൻസ് എടുത്തു കഴിഞ്ഞാൽ മാത്രമേ നിങ്ങൾക്ക് റെസിഡൻസ് പെർമിറ്റ് അഥവാ താമസ അനുമതി നൽകപ്പെടുകയുള്ളു.

റെസിഡൻസ് പെർമിറ്റ് ലഭ്യമായിക്കഴിഞ്ഞാൽ തൊഴിലുടമ നിങ്ങൾക്ക് ഒരു തിരിച്ചറിയൽ കാർഡ് (എമിറേറ്റ്സ് ഐ ഡി കാർഡ്) ലഭ്യമാക്കണം. റെസിഡൻസ് പെർമിറ്റും (താമസാനുമതി) ഐ ഡി കാർഡുമാണ് യു എ ഇ യിലെ നിങ്ങളുടെ ജീവിതപദവിയുടെ നിയമപരമായ സാക്ഷ്യപ്പെടുത്തലുകൾ.

താഴെപ്പറയുന്ന സന്ദർഭങ്ങളിലൊഴികെ, തൊഴിലുടമയ്ക്ക് നിങ്ങളുടെ ശമ്പളത്തിൽ നിന്ന് യാതൊരു വിധ കിഴിക്കലുകളും നടത്തുവാനാകില്ല:

- നിങ്ങൾ മുൻകൂറായി എന്തെങ്കിലും തുക കൈപ്പറ്റിയിട്ടുണ്ടായിരിക്കുക (ഒരു തവണ കിഴിയ്ക്കുന്നത് നിങ്ങളുടെ ശമ്പളത്തിന്റെ ശതമാനത്തിൽ കൂടുതലാകുവാൻ പാടുള്ളതല്ല.)
- സോഷ്യൽ സെക്യൂരിറ്റ് ആൻഡ് ഹെൽത്ത് ഇൻഷുറൻസ് പോലെയുള്ള ഏതെങ്കിലും പദ്ധതികളുടെയോ തൊഴിലുടമ നൽകുന്ന എന്തെങ്കിലും സൗകര്യങ്ങളുടെ വരിസംഖ്യ അടയ്ക്കുവാൻ വേണ്ടി.
- ജോലി സ്ഥലത്തെ നിയമങ്ങളും നിർദ്ദേശങ്ങളും നിങ്ങൾ ലംഘിച്ചിട്ടുണ്ടായിരിക്കുക (ഒരു കുറ്റത്തിനുള്ള പിഴ ഒരു മാസത്തിലെ അഞ്ചു ദിവസത്തെ ശമ്പളത്തിൽ കൂടുവാൻ പാടുള്ളതല്ല)
- നിങ്ങളുടേതായ തെറ്റുകൊണ്ട് ഉപകരണങ്ങൾക്കോ മെഷീനുകൾക്കോ കേടുപാടുകളോ നാശമോ സംഭവിച്ച് നഷ്ടമുണ്ടാക്കുക (ഈ കിഴിക്കലുകളും ഒരു അഞ്ചു ദിവസത്തെ ശമ്പളത്തിൽ അധികമാകുവാൻ പാടില്ല)

കരാർ കാലത്തുടനീളം നിങ്ങളുടെ വേതനം കുറയ്ക്കുവാൻ തൊഴിലുടമയ്ക്ക് സാധിക്കുകയില്ല.

മറ്റൊരാളുടെ കീഴിൽ ജോലി ചെയ്യുന്നതിനായി തൊഴിലുടമയെ മാറ്റുവാൻ നിങ്ങൾക്കവകാശമില്ല. കോൺട്രാക്ടിൽ ഒപ്പിട്ടിരിക്കുന്ന തൊഴിലുടമയുടെ കീഴിൽ തന്നെ നിങ്ങൾ ജോലി ചെയ്യേണ്ടതാകുന്നു.



തൊഴിലുടമയെ വിട്ട് പോകുന്ന സന്ദർഭത്തിൽ നിങ്ങളൊരു അനധികൃത തൊഴിലാളിയായി മാറുന്നു, ഇതു നാടുകടത്തലിനു കാരണമാകും. തൊഴിലിൽ നിങ്ങൾ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുവെങ്കിൽ സഹായത്തിനായി ഇന്ത്യൻ എംബസിയുമായോ, ഈ ലഘുലേഖയുടെ അവസാനഭാഗത്ത് ചേർത്തിരിക്കുന്ന പട്ടികയിലെ സംഘടനകളുമായോ ബന്ധപ്പെടുകയാണു ചെയ്യേണ്ടത്. പുതുതായി രൂപപ്പെടുന്ന നിയമങ്ങളെയും നിർദ്ദേശങ്ങളെയും പറ്റി കാലാനുസൃതമായി നിങ്ങൾ അന്വേഷിച്ചറിയേണ്ടതാണ്

തൊഴിലാളി സംഘടനകളിൽ (ട്രേഡ് യൂണിയനുകൾ ) അംഗമാകുന്നതോ സമരം ചെയ്യുന്നതോ യു എ ഇ യിൽ അനുവദനീയമല്ല



നിങ്ങൾ കുടുംബവുമായി സ്ഥിരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കണം. ഒരു നിശ്ചിത കാലയളവിൽ നിങ്ങളിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാകാത്ത പക്ഷം, അതിനായി അവർ സഹായം തേടേണ്ടതാണ്. ജോലിസമയമല്ലാത്ത നേരങ്ങളിൽ കുടുംബവുമായി ആശയവിനിമയം നടത്തുവാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ഐ ഡി കാർഡ് ലഭിച്ചു കഴിഞ്ഞാൽ നിങ്ങൾ ഫോൺ സിം കാർഡ് വാങ്ങാവുന്നതാണ്.

ഇന്ത്യൻ ജോലിക്കാരുടെ നിരവധി കൂട്ടായ്മകൾ യു എ ഇ യിലുണ്ട്, അവയിൽ ചിലത് പ്രത്യേക സംസ്ഥാനങ്ങളിൽ നിന്നുള്ള അംഗങ്ങൾ അടങ്ങിയതാണ്. അത്തരം കൂട്ടായ്മകളിലേതിലെങ്കിലും അംഗമാകുക; അവയിലെ അംഗങ്ങളുമായി സമ്പർക്കത്തിലിരിക്കുകയും എന്തെങ്കിലും പ്രശ്നങ്ങൾ നേരിടേണ്ടിവരുന്ന അവസരങ്ങളിൽ സഹായം തേടുകയും ചെയ്യുക.

നിങ്ങളുടെ തൊഴിലുടമ എമിറേറ്റ്സ് മിനിസ്ട്രി ഓഫ് ലേബറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളാണോ അഥവാ നിങ്ങൽ ജോലി ചെയ്യുന്ന സ്ഥാപനം 'ഫ്രീ സോൺസ്' (രാജ്യത്തെ ബിസിനസ്സും നിക്ഷേപങ്ങളും വർദ്ധിപ്പിക്കുന്നതിനുവേണ്ടി യു എ ഇ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതി) വിഭാഗത്തിലുൾപ്പെട്ടതാണോ എന്നറിയേണ്ടതുണ്ട്. ഏതെങ്കിലും ' ഫ്രീ സോൺ' വിഭാഗത്തിലാണെങ്കിൽ നിങ്ങളുടെ ആഗ്രഹാനുസരണം തൊഴിലുടമയെ മാറ്റാനുള്ള (തൊഴിൽ മാറാനുള്ള) സ്വാതന്ത്ര്യമുണ്ട്. മറ്റുള്ള സാഹചര്യങ്ങളിൽ അത് പ്രയാസകരമാണ്.

നിങ്ങൾ 'ഫ്രീ സോൺ' വിഭാഗത്തിലല്ല ജോലിചെയ്യുന്നതെങ്കിൽ ജോലി മാറ്റത്തിനു നിങ്ങൾക്ക് നിലവിലുള്ള തൊഴിലുടമയിൽ നിന്നും ഒരു അനുമതി 'അല്ലെങ്കിൽ വാങ്ങേണ്ടതാണ്. ഒപ്പം തന്നെ പുതിയ തൊഴിലുടമയിൽ നിന്ന് ഒരു ' അംഗീകാര അനുമതി' യും നേടണം. അതിനു ശേഷം പുതിയ തൊഴിലുടമ നിങ്ങൾക്കായി റെസിഡൻസ് പെർമിറ്റിന് അപേക്ഷിക്കേണ്ടതാണ്. പക്ഷേ നിലവിലുള്ള തൊഴിലുടമ നിങ്ങൾക്ക് ജോലിമാറ്റത്തിനുള്ള അനുമതി തരാത്ത പക്ഷം അത് അപകടകരമാണ്. അയാൾക്ക് നിങ്ങളുടെ തൊഴിൽ കരാർ റദ്ദാക്കുകയും റെസിഡൻസ് പെർമിറ്റ് പിൻവലിക്കുകയും ചെയ്യപ്പെടും. സൂക്ഷിക്കുക! അങ്ങനെ സംഭവിച്ചാൽ യു എ യിൽ ജോലി ചെയ്യുന്നതിൽ നിന്നും ആറുമാസക്കാലത്തേയ്ക്ക് നിങ്ങൾ വിലക്കപ്പെടും. നിങ്ങൾക്ക് ഉടനടി തന്നെ യു എ ഇ വിട്ടുപോകേണ്ടിവരുകയും ചെയ്യും.


കരാറിന്റെ കാലാവധി കഴിഞ്ഞാൽ നിങ്ങൾ സ്വന്തം രാജ്യത്തേയ്ക്ക് മടങ്ങിവരേണ്ടതാണ്. നിങ്ങൾ ജോലിയിൽ നിന്നു പിരിച്ചുവിടപ്പെടുകയോ ജോലിയ്ക്ക് അയോഗ്യനാണെന്നു പ്രഖ്യാപിക്കപ്പെടുകയോ ചെയ്താൽ ഇന്ത്യയിലേയ്ക്ക് മടക്കി അയയ്ക്കപ്പെടുന്നതാണ്. പിരിച്ചു വിടപ്പെടുകയോ രാജിവയ്ക്കുകയോ അല്ലാത്ത സാഹചര്യങ്ങളിൽ, നിങ്ങൾക്ക് മടക്കയാത്രയ്ക്കുള്ള വിമാനടിക്കറ്റ് നൽകുവാൻ തൊഴിലുടമ ബാധ്യസ്ഥനാണ്. കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ വാർഷികാവധിയ്ക്ക് സ്വന്തം രാജ്യത്തേയ്ക്ക് യാത്ര ചെയ്യുന്നതിനുള്ള വിമാനക്കൂലിയും ലഭ്യമാകുന്നതാണ്.

കരാറിന്റെ കാലാവധി അവസാനിക്കുമ്പോൾ തൊഴിലുടമയുമായുള്ള ഉഭയസമ്മത പ്രകാരം നിങ്ങൾക്ക് കരാർ പുതുക്കാവുന്നതാണ്. അങ്ങനെ ചെയ്യുന്ന അവസരത്തിൽ, പാസ്സ്പോർട്ട്, വിസ, റെസിഡൻസ് പെർമിറ്റ്, ഐ ഡി കാർഡ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവയും പുതുക്കി സാധുത ഉറപ്പുവരുത്തേണ്ടതുണ്ട്.

## യു എ ഇ യിലെ ഒരു പ്രവാസി തൊഴിലാളി എന്ന നിലയിലുള്ള നിങ്ങളുടെ അവകാശങ്ങൾ

**നിങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ തൊഴിലുടമയിൽ നിന്ന് അധിക്ഷേപമുണ്ടാകുകയോ ചെയ്താൽ,നിയമപരമായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പ്രവാസി തൊഴിലാളി എന്ന നിലയിൽ, പരാതിപ്പെടാനും സംരക്ഷണം ആവശ്യപ്പെടാനുമുള്ള അവകാശം നിങ്ങൾക്കുണ്ട്. ഇതിൽ പ്രായഭേദമില്ല. നിങ്ങൾ വഞ്ചിക്കപ്പെട്ടുവെന്നോ യു എ ഇ പൗരനല്ലാത്തതിന്റെ പേരിൽ വിവേചനപരമായതോ മോശമായതോ ആയ പെരുമാറ്റത്തിനു വിധേയനായെന്നോ തോന്നുന്ന സാഹചര്യങ്ങളിൽ നിങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണു ചെയ്യുന്നത്. അങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങൾ സഹായത്തിനായി ബന്ധപ്പെടാവുന്നവരുടെ പട്ടികയും വിശദവിവരങ്ങളും ഈ ലഘുലേഖയുടെ അവസാനഭാഗത്ത് നൽകിയിട്ടുണ്ട്.**

**ഒരേ ജോലിയിലേർപ്പെടുന്ന പുരുഷനും സ്ത്രീയ്ക്കും തുല്യ വേതനത്തിനുള്ള അർഹതയുണ്ട്. ഒരു പ്രവാസി തൊഴിലാളി എന്ന നിലയിലുള്ള നിങ്ങളുടെ ചില അവകാശങ്ങളെക്കുറിച്ച് താഴെ വിശദമാക്കുന്നു.**



- **നിങ്ങളുടെ രേഖകൾ/ പ്രമാണങ്ങൾ സൂക്ഷിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.** പാസ്സ്പോർട്ട് , വിസ, വർക്ക് പെർമിറ്റ്, ജോലി സംബന്ധമായ രേഖകൾ എന്നിവ എല്ലായ്പ്പോഴും നിങ്ങളുടെ പക്കൽ സൂക്ഷിക്കുക. അതു കൂടാതെ തന്നെ, നിങ്ങൾക്കൊരു റെസിഡൻസ് പെർമിറ്റും തൊഴിലുടമ നൽകും ഇത്തരം രേഖകളുടെ അസ്സൽ (ഒറിജിനൽ) ഒരു കാരണവശാലും തൊഴിലുടമയെയോ റിക്രൂട്ട്മെന്റ് ഏജന്റിനെയോ, അവർ അത് സുരക്ഷിതമായി സൂക്ഷിക്കാമെന്നു വാഗ്ദാനം ചെയ്താൽ തന്നെയും, ഏൽപ്പിക്കുവാൻ പാടുള്ളതല്ല. പുതുതായി ലഭ്യമാകുന്ന എല്ലാ രേഖകളുടെയും പകർപ്പ് (ഫോട്ടോ കോപ്പി) എടുക്കുകയും അവ കുടുംബത്തിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക. ഒരോ കോപ്പികൾ നിങ്ങളുടെ കൈവശവും സൂക്ഷിക്കുക.



- **കരാറിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ശമ്പളത്തിനും താമസസൗകര്യങ്ങൾക്കും നിങ്ങൾക്കവകാശമുണ്ട് അത് ആവശ്യപ്പെടാവുന്നതുമാണ്.** അതുപോലെ കരാറിൽ സൂചിപ്പിക്കാത്ത ജോലികൾ ചെയ്യാനാവശ്യപ്പെട്ടാൽ അത് നിരസിക്കാവുന്നതുമാണ്.

- **മാസത്തിലൊരു തവണ, ഒരു പ്രവൃത്തി ദിവസം നിങ്ങൾക്ക് വേതനം നൽകപ്പെടണം.** നിങ്ങളുടെ ശമ്പളം തദ്ദേശ നാണയരൂപത്തിൽ (ദിർഹം) ആയിരിക്കണം. ശമ്പളം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുകയാണു വേണ്ടത്.

- **നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയോ പിരിച്ചു വിടപ്പെടുകയോ, സ്വയം പിരിയുകയോ ചെയ്യുന്ന അവസരങ്ങളിലും ചെയ്തു തീർത്ത ജോലിയ്ക്കുള്ള പ്രതിഫലത്തിന് നിങ്ങൾക്കർഹതയു** യാതൊരു സാഹചര്യത്തിലും നിങ്ങളുടെ ശമ്പളം പിടിച്ചു വയ്ക്കുന്നതിന് തൊഴിലുടമയ്ക്ക് അവകാശമില്ല.



- **വേതനത്തോടു കൂടിയുള്ള വാർഷികാവധിയ്ക്ക് നിങ്ങൾക്കവകാശമുണ്ട്.** നിങ്ങളുടെ സേവനപരിചയം ആറുമാസത്തിനും ഒരു വർഷത്തിനും ഇടയ്ക്കാണെങ്കിൽ, പൂർത്തിയാക്കിയ ഓരോ മാസത്തിനും ദിവസങ്ങൾ വീതം എന്ന കണക്കിൽ അവധിയ്ക്ക് നിങ്ങൾക്കർഹതയുണ്ട് തൊഴിൽ കാലയളവ് ഒരുവർഷത്തിൽ കൂടുതലാണെങ്കിൽ പ്രതിവർഷം ദിവസത്തെ അവധിയ്ക്ക് നിങ്ങൾക്കവകാശമുണ്ട്. ഭൂരിപക്ഷം തൊഴിലാളികൾക്കും ഉപയോഗിക്കാത്ത അവധി ദിവസങ്ങളിലെ വേതനം ആവശ്യപ്പെടുന്നതിനുള്ള അവകാശമുണ്ട്.ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ, ഈ ലഘുലേഖയുടെ അവസാനഭാഗത്ത് നൽകിയിട്ടുള്ള പട്ടികയിലെ ഏതെങ്കിലും സംഘടനയുമായി ബന്ധപ്പെടുക

- **നിങ്ങൾക്ക് അസുഖാവധി (മെഡിക്കൽ ലീവ്) എടുക്കാനുള്ള അവകാശമുണ്ട്.** പക്ഷേ ഇതിന് ഒരു ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമാണ്. അതുപോലെ രോഗം മൂലം ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന അവസരത്തിൽ രണ്ടു ദിവസത്തിനുള്ളിൽ വിവരം തൊഴിലുടമയെ ധരിപ്പിക്കേ ണ്ടതുമാണ്. ചികിത്സയ്ക്കും മരുന്നുകൾക്കുമായി, ഹെൽത്ത് കാർഡ് മൂലമുള്ള ആനുകൂല്യങ്ങളും ഡിസ്കൗണ്ടുകളും നിർദ്ദിഷ്ഠ ആശുപത്രികളിൽ നിന്നും ക്ലിനിക്കുകളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ചില ചികിത്സകൾ നിങ്ങൾ സൗജന്യമായോ വളരെ കുറഞ്ഞ ചെലവിലോ ലഭിക്കുകയും ചെയ്യും.



- **ആശുപത്രിയിൽ കിടക്കേണ്ട അടിയന്തിരാവശ്യമുണ്ടായാൽ നിങ്ങൾക്ക് ഇന്ത്യൻ രൂപ ലഭിക്കുവാനുള്ള അവകാശമുണ്ട്.** ഇന്ത്യൻ ഇൻഷുറൻസ് പദ്ധതി (പ്രവാസി ഭാരതീയ ബീമാ യോജന) യുടെ സഹായം വഴിയാണിത്.

- **അസുഖകാലയളവിൽ നിങ്ങളുടെ വരുമാനം ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.** തൊഴിൽ പരിശീലനകാലത്ത് (പ്രൊബേഷൻ) നിങ്ങൾക്ക് വേതനത്തോടുകൂടിയ അസുഖാവധിയ്ക്ക് അർഹതയില്ല. എന്നിരുന്നാലും പ്രൊബേഷൻ കാലാവധിയ്ക്കു ശേഷം മൂന്നുമാസമോ അതിൽ കൂടുതലോ ജോലി ചെയ്തുകഴിഞ്ഞാൽ, പ്രതിവർഷം പരമാവധി 90 ദിവസത്തെ അസുഖാവധിയ്ക്കുള്ള അവകാശം ലഭിക്കും. ഇതിൽ ആദ്യത്തെ ദിവസം പൂർണ്ണ ശമ്പളവും അടുത്ത 30 ദിവസം പകുതി ശമ്പളവും അവസാനത്തെ ദിവസം ശമ്പളമില്ലാതെയും ആണു ലഭിക്കുക. പക്ഷേ നിങ്ങളുടെ അസുഖം മദ്യത്തിന്റെയോ മയക്കുമരുന്നിന്റെയോ ഉപയോഗം മൂലമാണെങ്കിൽ നിങ്ങൾക്ക് അസുഖാവധിയ്ക്ക് അർഹതയില്ല.



- **വിശ്രമസമയങ്ങളിൽ ജോലിസ്ഥലത്തുനിന്ന് പുറത്തു പോകുവാനുള്ള അവകാശം നിങ്ങൾക്കുണ്ട്.** തിരിച്ചറിയൽ കാർഡ് (ഐ ഡി കാർഡ്) എല്ലായ്പ്പോഴും കൈവശമുണ്ടായിരിക്കണം. പോലീസ് നിങ്ങളെ തടഞ്ഞു നിർത്തി കാർഡ് കാണിക്കുവാനാവശ്യപ്പെടാവുന്നതാണ്

- **നിങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട്.** നിങ്ങളുടെ സഞ്ചാരങ്ങളെ തൊഴിലുടമയ്ക്ക് നിയന്ത്രിക്കുവാനാകില്ല. നിങ്ങൾ താമസിക്കുന്ന മുറി പൂട്ടുവാനുള്ള അവകാശം തൊഴിലുടമയ്ക്കില്ല. അതുപോലെ മുറി അകത്തു നിന്നും പൂട്ടുവാനുള്ള അവകാശം നിങ്ങൾക്കുണ്ട്.



- **പ്രതിവാരം ഒരവധി ദിവസത്തിന് നിങ്ങൾക്കവകാശമുണ്ട്.** യു എ ഇ യിലെ പ്രതിവാര അവധി ദിവസം വെള്ളിയാഴ്ചയാണ്. അവധി ദിവസം ജോലി ചെയ്യുന്നത് നിങ്ങൾക്ക് നിഷേധിക്കാവുന്നതാണ്. എന്നാൽ അവധി ദിവസം ജോലി ചെയ്യാൻ നിങ്ങൾ തയാറാണെങ്കിൽ സാധാരണ അടിസ്ഥാനശമ്പളത്തിന്റെ ശതമാനം കൂടി ലഭിക്കുന്നതിനുള്ള അർഹതയുണ്ട്.അല്ലാത്തപക്ഷം മറ്റൊരു ദിവസത്തെ അവധി (കോമ്പൻസേറ്ററി ലീവ്) ലഭിക്കാനുള്ള അർഹതയുമുണ്ട് തുടർച്ചയായ രണ്ടു വെള്ളിയാഴ്ചകളിൽ നിങ്ങളെ ജോലി ചെയ്യിക്കുവാൻ പാടുള്ളതല്ല.



- **യു എ ഇ യിലെ ഔദ്യോഗിക അവധി ദിവസങ്ങളിൽ വേതനത്തോടുകൂടിയ അവധിയ്ക്ക് നിങ്ങൾക്കവകാശമു**ണ്ട്. യു എ ഇ യിൽ ഒരു വർഷത്തിൽ ഔദ്യോഗിക അവധി ദിവസങ്ങളാണുള്ളത്.

- **പ്രവൃത്തി സമയത്ത് ദിവസത്തിൽ കുറഞ്ഞത് ഒരു മണിക്കൂർ വിശ്രമസമയത്തിനുള്ള അർഹത നിങ്ങൾക്കു**ണ്ട്. ജോലി ആരംഭിച്ചതിൽ നിന്നും അഞ്ചു മണിക്കൂറിൽ കൂടുന്നതിനു മുമ്പായി ഈ വിശ്രമസമയം അനുവദിക്കപ്പെടേണ്ടതാണ്. വിശ്രമസമയം പ്രവൃത്തി സമയത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുകയില്ല.



- **അധികസമയ ജോലി (ഓവർ ടൈം) നിഷേധിക്കുവാനുള്ള അവകാശം നിങ്ങൾക്കുണ്ട്.** ഒരു പ്രവൃത്തി ദിവസമെന്നാൽ എട്ടു മണിക്കൂറാണ്, പ്രവൃത്തി ആഴ്ച എന്നാൽ മണിക്കൂറും. സാധാരണ പ്രവൃത്തി സമയത്തിൽ കൂടുതൽ ജോലി ചെയ്യുവാൻ നിങ്ങൾ തയാറാണെങ്കിൽ, തൊഴിലുടമ നിങ്ങൾക്ക് ഓവർടൈം വേതനം നൽകേണ്ടതാണ്. (സാധാരണ ഒരു മണിക്കൂർ ജോലിയുടെ ശമ്പളത്തിനു പുറമെ അടിസ്ഥാനശമ്പളത്തിന്റെ ഓവർ ടൈം ജോലി ചെയ്യുന്നത് വൈകിട്ട് മണിക്കും രാവിലെ മണിക്കും ഇടയിലാണെങ്കിൽ നിങ്ങൾക്ക് സാധാരണ ശമ്പളത്തിനു പുറമെ അടിസ്ഥാനശമ്പളത്തിന്റെ 50% കൂടി ലഭിക്കുവാനുള്ള അർഹതയുണ്ട്) . എങ്കിലും ഇത് ഷിഫ്റ്റ് ജോലികൾക്ക് ബാധകമല്ല. റമദാൻ കാലത്ത് സാധാരണ ജോലി സമയത്തിൽ നിന്നു രണ്ടു മണിക്കൂർ കുറവായിരിക്കും.

**നിങ്ങൾ ഒരു ഗാർഹിക തൊഴിലാളിയാണെങ്കിൽ, താഴെപ്പറയുന്നവയിൽ ചില അവകാശങ്ങൾ നിങ്ങൾക്കു ബാധകമായിരിക്കുകയില്ല. ഇവ നിങ്ങൾക്ക് തൊഴിലുടമായുമായി സംസാരിച്ച് നേടിയെടുക്കാവുന്നതാണ്. ഗാർഹിക ജോലി, തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലെങ്കിലും, പിരിച്ചു വിടൽ മുന്നറിയിപ്പ്, കിട്ടാത്ത ശമ്പളത്തിനുള്ള അവകാശം, ബാങ്ക് വഴി ശമ്പളം ലഭിക്കുവാനുള്ള അവകാശം, താമസസൗകര്യം, അധിക്ഷേപത്തിൽ നിന്നുള്ള സം രക്ഷണം എന്നിവയ്ക്ക് നിങ്ങൾക്കവകാശമുണ്ട്.**



## നിങ്ങളുടെ അവകാശങ്ങൾ എങ്ങനെ സംരക്ഷിക്കാം



- **തൊഴിലുടമ നിങ്ങളുടെ ജോലിയുടെ നിയമങ്ങളും നിബന്ധനകളും ലംഘിക്കുകയാണെങ്കിൽ** നിങ്ങൾക്ക് യു എ ഇ തൊഴിൽ, സാമൂഹ്യകാര്യ മന്ത്രാലയത്തിൽ (പ്രത്യേകിച്ച് ലേബർ ഡിപ്പാർട്ട്മെന്റിൽ) പരാതി കൊടുക്കാവുന്നതാണ്. ഉദാഹരണത്തിന്, തൊഴിലുടമ നിങ്ങളുടെ ശമ്പളം വൈകിക്കുയോ, ശമ്പളം നിഷേധിക്കുകയോ, ശമ്പളത്തുകയിൽ നിന്ന് അനാവശ്യമായ കിഴിയ്ക്കലുകൾ നടത്തുകയോ, വേതനമില്ലാതെ അധിക സമയം ജോലി ചെയ്യിക്കുകയോ, കരാർ പ്രകാരം അവകാശപ്പെട്ട അവധി അനുവദിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ നിങ്ങൾക്ക് പരാതി ഫയൽ ചെയ്യാം. അതുപോലെ , തൊഴിലുടമ നിങ്ങളോടു മോശമായി പെരുമാറുകയോ ശാരീരികമായോ ലൈംഗികമായോ പീഡിപ്പിക്കുകയോ ചെയ്താലും നിങ്ങൾക്ക് പരാതിപ്പെടാവുന്നതാണ്. സംഭവം നടന്ന് ഒരു വർഷത്തിനകം പരാതി നൽകിയിരിക്കണം.
- **യു എ ഇ യിൽ നിങ്ങളെ തൊഴിലുടമ സ്വീകരിക്കാതിരിക്കുകയോ** തൊഴിൽ കരാറിൽ ഗുരുതരമായ മാറ്റങ്ങൾ ഉണ്ടാകുകയോ, നിങ്ങളുടേതല്ലാത്ത കാരണത്താൽ ജോലി കാലാവധിയ്ക്കു മുൻപ് അവസാനിപ്പിക്കപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ നിങ്ങൾക്ക് ഇന്ത്യൻ പ്രവാസി ഇൻഷുറൻസ് പദ്ധതി (പ്രവാസി ഭാരതീയ ബീമ യോജന അഥവാ പി ബി ബി വൈ) ഇന്ത്യയിലേയ്ക്ക് മടങ്ങുന്നതിനുള്ള സാധാരണനിരക്കിലുള്ള (എക്കണോമി ക്ലാസ്സ്) വിമാനക്കൂലി നൽകുന്നതാണ്.
- **ശമ്പളമോ ഓവർ ടൈം വേതനമോ ലഭിക്കാതിരിക്കുക** , അന്യായമായി പിരിച്ചുവിടുക എന്നിവ സംബന്ധിച്ചുള്ള തൊഴിൽ കേസ് വിധിയാകാതെ കിടക്കുകയാണെങ്കിൽ, നിങ്ങൾക്ക് യു എ ഇ യിലെ തൊഴിൽ വകുപ്പിൽ താൽക്കാലിക ജോബ് പെർമിറ്റിനു അപേക്ഷിക്കാവുന്നതാണ്. ഈ പെർമിറ്റ് പരമാവധി ആറുമാസക്കാലത്തേയ്ക്കോ കേസ് വിധിയാകുന്നതുവരേയ്ക്കോ (ഏതാണ് ആദ്യം സംഭവിക്കുന്നതെന്നനുസരിച്ച്) ആയിരിക്കും. കുറഞ്ഞത് ആറുമാസക്കാലത്തേയ്ക്ക് സാധുതയുള്ള ഒരു വിസ കൈവശമുണ്ടെങ്കിൽ മാത്രമേ താൽക്കാലിക ജോബ് പെർമിറ്റ് ലഭിക്കുകയുള്ളൂ. (എല്ലാ രേഖകളുടെയും കോപ്പികളുടെ ഒരു സെറ്റ് നിങ്ങളുടെ കൈവശം വയ്ക്കണമെന്നു പറയുന്നതിന്റെ ഒരു കാരണം ഇതാണ്.)
- **അതല്ലെങ്കിൽ, നിങ്ങൾക്ക് യു എ ഇ യ്ക്കുള്ളിലെ 800665 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ടാൽ** കരാർ, ഐ ഡി കാർഡ്, ജോലി സാഹചര്യങ്ങൾ എന്നിവയുൾപ്പടെയുള്ള തൊഴിൽ സംബന്ധമായ ഏതു പ്രശ്നത്തെപ്പറ്റിയും പരാതി ഫയൽ ചെയ്യാൻ കഴിയും.
- **ഇന്ത്യയിൽ പ്രവാസി ഭാരതീയ ബീമാ യോജന വഴി ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ,** നിങ്ങൾക്ക് നിയമകാര്യ ചെലവുകൾക്കായി 30000 ഇന്ത്യൻ രൂപ ലഭിക്കുന്നതാണ്. കേസിന്റെ ആവശ്യകത ബന്ധപ്പെട്ട യു എ ഇ മന്ത്രാലയം സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ ഈ സഹായം ലഭ്യമാകൂ.
- **ലേബർ ഡിപ്പാർട്ടുമെന്റിൽ (തൊഴിൽ വകുപ്പിൽ) പരാതിപ്പെടുന്നതിൽ** എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് യു എ ഇ യിലെ ഇന്ത്യൻ എംബസ്സിയിൽ നിന്നോ മറ്റ് സംഘടനകളിൽ നിന്നോ സഹായം തേടാവുന്നതാണ്.

- **നിങ്ങൾ ഒരു ഗാർഹിക തൊഴിലാളിയാണെങ്കിൽ** തൊഴിൽ നിയമത്തിന്റെ സുരക്ഷാപരിധിയിൽ ഉൾപ്പെടുന്നില്ല എന്നതുകൊണ്ട് പ്രശ്നങ്ങൾ നേരിടുന്ന അവസരത്തിൽ ഇന്ത്യൻ എംബസ്സിയുടെയോ പോലീസിന്റെയോ സഹായം തേടുക. തൊഴിൽ വകുപ്പിന് ഗാർഹിക തൊഴിലാളികളുടെ പ്രശ്നങ്ങളിൽ സഹായം നൽകുവാനുള്ള അവകാശമില്ല.

- **നിങ്ങളെ ജോലിയിൽ നിന്നും അതിക്രമമായി പിരിച്ചു വിടുകയാണെങ്കിൽ** , അതിനെതിരെ ലേബർ ഡിപ്പാർട്ട്മെന്റിൽ നിങ്ങൾക്ക് അപ്പീൽ നൽകാവുന്നതാണ്. ഗുരുതരമായ കാരണങ്ങളാൽ മാത്രമേ തൊഴിലുടമയ്ക്ക് നിങ്ങളെ പിരിച്ചു വിടാനാകൂ, അതായത്, തൊഴിലുടമയ്ക്ക് കനത്ത നഷ്ടമുണ്ടാക്കുന്ന തെറ്റുകൾ വരുത്തുക, നിർദ്ദേശങ്ങൾ സ്ഥിരമായി അനുസരിക്കാതിരിക്കുക, മറ്റ് അച്ചടക്ക പ്രശ്നങ്ങളുണ്ടാക്കുക, മുന്നറിയിപ്പില്ലാതെ തുടർച്ചയായ എഴു ദിവസങ്ങളിൽ കൂടുതൽ ജോലിയ്ക്ക് ഹാജരാകാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മാത്രം.

- **ജോലി സ്ഥലത്തെ നിയമങ്ങളും നിബന്ധനകളും ലംഘിച്ചുവെന്ന കുറ്റം നിങ്ങളുടെ മേൽ ചുമത്തപ്പെടുകയാണെങ്കിൽ**, അതെപ്പറ്റിയുള്ള എഴുത്തു മുഖേനയുള്ള അറിയിപ്പിനു നിങ്ങൾക്കർഹതയുണ്ട്**.** അതുപോലെ അതിനെതിരെ സ്വയം പ്രതിരോധിക്കുന്നതിനും നിങ്ങൾക്കവകാശമുണ്ട്**.** പ്രശ്നം കണ്ടുപിടിക്കപ്പെട്ട് 30 ദിവസത്തിനു ശേഷമോ അന്വേഷണം കഴിഞ്ഞ് 60 ദിവസത്തിനു ശേഷമോ നിങ്ങളുടെ മേൽ കുറ്റം ചുമത്താൻ പാടുള്ളതല്ല.

- **ജോലിസ്ഥലത്തു വച്ചുണ്ടായ പരുക്കുമായോ തൊഴിലനുബന്ധ അസുഖങ്ങളുമായോ ബന്ധപ്പെട്ട മെഡിക്കൽ റിപ്പോർട്ടിനെ പറ്റി** വിശേഷിച്ച് ചികിത്സാ കാലയളവ്, വൈകല്യത്തിന്റെ ഗൗരവം, ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള കഴിവ് എന്നിവ സംബന്ധിച്ച നിങ്ങൾ സംതൃപ്തരല്ലെങ്കിൽ ഈ വിഷയം ലേബർ ഡിപ്പാർട്ട്മെന്റ് വഴി യു എ ഇ യിലെ ആരോഗ്യമന്ത്രാലയത്തിൽ അറിയിക്കാവുന്നതാണ്.



- **നിങ്ങൾക്ക് ഏതെങ്കിലും ട്രേഡ് യൂണിയനുകളിൽ ചേരുന്നതിനുള്ള അവകാശമില്ല**. അതുപോലെ തൊഴിൽ തർക്കങ്ങളിൽ ഏതെങ്കിലും ട്രേഡ് യൂണിയൻ നിങ്ങളെ പ്രതിനിധീകരിക്കുന്നതും അനുവദനീയമല്ല. ഏതു വിധത്തിൽ പെട്ട തൊഴിൽ തർക്കങ്ങളുടെയും പരിഹാരത്തിനായി നിങ്ങൾക്ക് വ്യക്തിപരമായ നിലയിൽ തൊഴിൽ വകുപ്പ് മന്ത്രാലയത്തെ സമീപിക്കാവുന്നതാണ്.

- **യു എ ഇ യിൽ നിങ്ങൾ എന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണെങ്കിൽ** നിങ്ങൾക്ക് പോലീസിന്റെയോ ഇന്ത്യൻ എംബസ്സിയുടെയോ ഈ ലഘുലേഖയിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും സംഘടനയുടെയോ സഹായം തേടാവുന്നതാണ്. ഇന്ത്യൻ ഗവണ്മെന്റ് ആഴ്ചയിൽ ദിവസവും മണിക്കൂറും സേവനനിരതമായ ഒരു ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (80046342) യു എ ഇ യിൽ സജ്ജമാക്കിയിട്ടുണ്ട്.. യു എ ഇ യിലെ ഇന്ത്യൻ എംബസ്സിയ്ക്ക് പ്രവാസി ജോലിക്കാരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി രണ്ടു വെബ് സൈറ്റുകളുണ്ട് . ദയവായി എന്ന സൈറ്റോ എന്ന സൈറ്റോ സന്ദർശിക്കുക.

- **തൊഴിലാളികളിൽ നിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനായി യു എ ഇ തൊഴിൽ മന്ത്രാലയം ഒരു ടെൽഫോൺ ഹോട്ട് ലൈൻ സജ്ജമാക്കിയിട്ടുണ്ട്** യു എ ഇ യിൽ നിന്ന് നിങ്ങൾക്ക് എന്ന ഈ ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. അന്താരാഷ്ട്ര തലത്തിൽ വിളിക്കുന്നതിന് എന്ന നമ്പർ ഉപയോഗിക്കുക.

## തൊഴിൽ വകുപ്പിൽ പരാതി ഫയൽ ചെയ്യുന്നതിനെ സംബന്ധിച്ച വസ്തുതകൾ

താഴെപ്പറയുന്ന കാരണങ്ങളാൽ നിങ്ങൾ തൊഴിൽ വകുപ്പ് മന്ത്രാലയത്തിൽ (കൃത്യമായി തൊഴിൽ വകുപ്പിൽ) പരാതി ഫയൽ ചെയ്യാവുന്നതാണ്.

- നിങ്ങളുടെ സമ്മതമില്ലാതെ തൊഴിലുടമ പാസ്സ്പോർട്ട് പിടിച്ചെടുക്കുക
- രണ്ടു മാസത്തിൽ കൂടുതലായി ശമ്പളം നൽകാതെയിരിക്കുക, ശമ്പളം ബാങ്കു അക്കൗണ്ടിലേയ്ക്ക് നൽകാതിരിക്കുക
- ശമ്പളത്തിൽ നിന്നും അനധികൃതമായ കിഴിയ്ക്കലുകൾ നടത്തുക.
- ഓവർടൈം ജോലിയ്ക്ക് വേതനം നൽകാതിരിക്കുക
- വിശ്രമദിവസം വിശ്രമിക്കാനനുവദിക്കാതിരിക്കുക
- വാർഷിക അവധിയും മാതൃരാജ്യത്തേയ്ക്ക് പോകുന്നതിനുള്ള വിമാനടിക്കറ്റും നിഷേധിക്കുക
- ശമ്പളത്തിന്റെ വിശദാംശങ്ങൾ ഓവർ ടൈം ജോലിയുടെ വേതനം കണക്കാക്കൽ, വിവിധ കിഴിയ്ക്കലുകൾ അടങ്ങുന്ന ശമ്പളപത്രം (പേ സ്ലിപ്) നൽകാതിരിക്കുക
- തൊഴിൽ കരാർ, ലേബർ കാർഡ്. റെസിഡൻസ് പെർമിറ്റ് എന്നിവ ഇല്ലാതിരിക്കുക
- തൊഴിലുടമയുടെയോ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയോ ഭാഗത്തു നിന്ന് ആക്രമണമോ ലൈംഗിക പീഢനമോ ഉണ്ടാകുക (ഇങ്ങനെ സംഭവിച്ചാൽ ഉടനടി പോലീസിൽ പരാതിപ്പെടുക)
- **ഇന്ത്യയിൽ വിദേശ ജോലിയുമായി ബന്ധപ്പെട്ട ഏതൊരു പ്രശ്നത്തെക്കുറിച്ചും ഇന്ത്യൻ പ്രവാസി കാര്യ വകുപ്പ് മന്ത്രാലയത്തിൽ പരാതിപ്പെടാവുന്നതാണ്.** ഇന്ത്യയിലെ ഏജന്റ് നിങ്ങളെ വഞ്ചിക്കുകയാണെങ്കിൽ നിങ്ങൾക്കോ നിങ്ങളുടെ കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്കോ പ്രവാസികാര്യമന്ത്രാലയത്തിൽ (മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേർസിൽ, ഞഛകഅ) നിങ്ങൾക്ക് പരാതിപ്പെടാവുന്നതാണ്. അതായത്, കരാറിൽ പരാമർശിച്ചിരിക്കുന്നതല്ലാത്ത മറ്റെന്തെങ്കിലും ജോലിയ്ക്കയയ്ക്കുകയോ, ജോലി സംബന്ധമായ നിബന്ധനകളും നിയമങ്ങളും സമ്മതിച്ചതിൽ നിന്നും മാറ്റി മറിക്കുകയോ, വിദേശ ജോലി വാഗ്ദാനം ചെയ്ത് നിങ്ങളിൽ നിന്നും പണം വാങ്ങിയതിനുശേഷം വിദേശത്തേയ്ക്ക് അയയ്ക്കാതിരിക്കുകയോ ചെയ്താൽ നിങ്ങൾക്ക് പരാതിപ്പെടാവുന്നതാണ്. നിങ്ങൾ വിദേശത്താണെങ്കിലും പരാതി നൽകാൻ കഴിയും. ഇന്ത്യൻ ഗവൺമെന്റിന്റെ ടോൾ ഫ്രീ നമ്പറായ (എം ടി എൻ എൽ/ ബി എസ് എൻ എൽ) അഥവാ ഹോട്ട് ലൈൻ നമ്പറായ എന്നിവയിൽ വിളിച്ച് പരാതി ഫയൽ ചെയ്യാം. ഈ സൗകര്യം ഭാഷകളിൽ ലഭ്യമാണ്.
- **യു എ ഇ യിൽ നിങ്ങൾ ഗത്യന്തരമില്ലാത്ത അവസ്ഥയിലോ ഇന്ത്യയിലേയ്ക്ക് മടങ്ങിപ്പോകാനാകാത്ത സ്ഥിതിയിലോ ആണെങ്കിൽ രക്ഷപ്പെടുത്തുവാനും സ്വരാജ്യത്തേയ്ക്ക് മടക്കി അയയ്ക്കാനുമായി ഇന്ത്യൻ എംബസ്സിയുടെ സഹായം തേടാവുന്നതാണ്.** നിങ്ങൾ ഒരു ഗാർഹിക തൊഴിലാളിയാണെങ്കിൽ ഇന്ത്യൻ കമ്യൂണിറ്റി വെൽഫെയർ ഫണ്ട് മുഖേനയുള്ള താമസ, ഭക്ഷണ സൗകര്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. അടിയന്തിര വൈദ്യ പരിരക്ഷ, നിയമാവശ്യങ്ങൾ, വിമാനയാത്രാച്ചെലവ്, എന്നിവയ്ക്കും ഈ ഫണ്ടിൽ നിന്നുള്ള സഹായം ലഭ്യമാകും. വിദേശത്തു വച്ചു മരണം സംഭവിക്കുന്ന തൊഴിലാളിയുടെ ഭൗതികാവശിഷ്ടങ്ങൾ ഇന്ത്യയിലെത്തിക്കാനോ, അവിടെ തന്നെ സംസ്കരിക്കാനോ തൊഴിലുടമ പണം നൽകാതിരിക്കുന്ന / അതിനയാൾക്കു കഴിവില്ലാതിരിക്കുന്ന സാഹചര്യങ്ങളിൽ ആ ചെലവ് വഹിക്കുവാൻ കുടുംബത്തിനും കഴിയാതിരിക്കുകയാണെങ്കിൽ അതിനുള്ള പണവും ഈ ഫണ്ടിൽ നിന്ന് നൽകുന്നതാണ്.

## ഒരു പ്രവാസി തൊഴിലാളി എന്ന നിലയിലുള്ള നിങ്ങളുടെ ചുമതലകൾ

എന്തെങ്കിലും പ്രശ്നം അഭിമുഖീകരിക്കേ ണ്ടിവരികയാണെങ്കിൽ, നിങ്ങളുടെ കുടുംബാംഗങ്ങളോടോ, സുഹൃത്തിനോടോ, തൊഴിലുടമയോടോ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജന്റിനോടോ സംസാരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഇന്ത്യൻ എംബസ്സിയിലെ ലേബർ വെൽഫെയർ ഓഫീസറുമായോ യു എ ഇ മിനിസ്ട്രി ഓഫ് ലേബർ ആൻഡ് സോഷ്യൽ അഫയേർസുമായോ ഈ ലഘുലേഖയുടെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന ഏതെങ്കിലും സംഘടനയുമായോ സഹായത്തിനായി ബന്ധപ്പെടണം.

- ജോലിയിൽ നിന്നും നിങ്ങൾക്ക് അവധി എടുക്കണമെങ്കിൽ (വ്യക്തിപരമായ ആവശ്യങ്ങൾക്കോ വിശ്രമകാലം ചെലവഴിക്കുന്നതിനോ ആയി) തൊഴിലുടമയെ മുൻകൂട്ടി അറിയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. തൊഴിൽ ദാതാവിനെ അറിയിക്കാതെ അവധി നീട്ടിയെടുക്കുന്നത് നിങ്ങളുടെ കരാർ റദ്ദാക്കപ്പെടുവാൻ കാരണമായേക്കാം.

- നിങ്ങളുടെ ആരോഗ്യത്തിൽ ശ്രദ്ധ പതിപ്പിക്കുക. അസുഖം മൂലം ജോലിയ്ക്ക് പോകാനാകാത്ത അവസ്ഥയാണെങ്കിൽ വൈദ്യപരിശോധനയ്ക്കായി പോകുകയും വിശ്രമിക്കുകയും വേണം. പക്ഷേ, കഴിയുന്നത്ര വേഗം തന്നെ നിങ്ങളുടെ തൊഴിലുടമയെയോ മേലധികാരിയെയോ അറിയിക്കുവാനും വൈദ്യപരിശോധനയ്ക്ക് ശേഷം മെഡിക്കൽ സർട്ടിഫിക്കറ്റ് (റിപ്പോർട്ട്) വാങ്ങുവാനും മറക്കരുത്.



- കടുത്ത ചൂടും കടുത്ത തണുപ്പും ഒന്നിച്ച് അനുഭവിക്കേണ്ടിവരുന്നതിനാൽ പല തൊഴിലാളികളും ഹൃദയാഘാതം സംഭവിച്ച് മരിക്കാറുണ്ട്. നിങ്ങൾ പുറത്താണു ജോലി ചെയ്യുന്നതെങ്കിൽ ജോലി കഴിഞ്ഞ് മടങ്ങി മുറിയിൽ വന്നാലുടൻ എ. സി വളരെ കൂടിയ തണുപ്പിൽ ക്രമീകരിക്കരുത്.

- എച് ഐ വി , ലൈംഗിക പ്രക്രിയയിലൂടെ പകരുന്ന മറ്റു രോഗങ്ങൾ എന്നിവ ഒഴിവാക്കുന്നതിനു വേണ്ട മുൻകരുതലുകൾ എടുക്കുക.

- നിയമ വിരുദ്ധമായ മയക്കു മരുന്നുകളോ മദ്യമോ ഉപയോഗിക്കരുത്. ചൂതാട്ടത്തിലോ രാഷ്ട്രീയ പ്രക്രിയകളിലോ ഇടപെടാതിരിക്കുക. യു എ ഇ യിൽ ഇവ നിയവിരുദ്ധമായി കരുതപ്പെടുകയും നിരോധിക്കുകയും ചെയ്തിരിക്കുന്നു.

- ജോലിസ്ഥലത്തെ (തൊഴിൽ ശാലയിലെ) എല്ലാ നിയമങ്ങളും നിബന്ധനകളും നിങ്ങൾ അനുസരിക്കേ ണ്ടതാണ്. നിബന്ധനകൾ ജോലിസ്ഥലത്ത് കാണാവുന്ന വിധത്തിൽ പ്രത്യേകമായി പ്രദർശിപ്പിച്ചിരിക്കും.

- യു എ ഇ യിലെ ട്രാഫിക് നിയമങ്ങൾ ഉൾപ്പടെയുള്ള പ്രാഥമിക ചട്ടങ്ങളും നിയമങ്ങളും മനസ്സിലാക്കുവാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്. ഉദാഹരണത്തിന്, റോഡു മുറിച്ചു കടക്കുന്നതിനായി എല്ലായ്പ്പോഴും സീബ്രാ ക്രോസ്സിംഗോ മേൽപ്പാലമോ ഉപയോഗിക്കേണ്ടതാണ്.

  യു എ ഇ യിലെ മതത്തെയും സംസ്കാരത്തെയും നിങ്ങൾ ആദരിക്കണം. ഒരിക്കലും മതത്തെപ്പറ്റി നിഷേധാർത്ഥത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ നടത്താൻ പാടുള്ളതല്ല. റമദാൻ മാസത്തിൽ

- മുസ്ലിം ജനവിഭാഗം ഉപവാസമനുഷ്ഠിക്കുന്നു. ഈ കാലയളവിൽ പകൽ സമയത്ത് പരസ്യമായി ആഹാരം കഴിക്കുകയോ പാനീയങ്ങൾ (വെള്ളം പോലും) കുടിക്കുകയോ പുകവലിക്കുകയോ ചെയ്യാൻ പാടില്ല.

  യു എ ഇ യിലെ ഭാഷ,അറബി, പഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്കു പ്രയോജനപ്പെടും.

- സ്ത്രീകളോടു ആദരവു കാണിക്കണം. അവരെ പരിഹസിക്കുകയോ തുറിച്ചു നോക്കുകയോ ദുരർത്ഥത്തോടെ നോക്കുകയോ ചെയ്യരുത്.

- നിങ്ങളുടെ പാസ്സ്പോർട്ട്, റെസിഡൻസ് പെർമിറ്റ്, ഐ ഡി കാർഡ് എന്നിവയുൾപ്പടെയുള്ള പ്രമാണങ്ങളുടെ കാലാവധി അവസാനിക്കുന്ന തീയതി പരിശോധിക്കുകയും ഓർമ്മ വയ്ക്കുകയും വേണം. പാസ്സ്പോർട്ട് പുതുക്കുന്നതിനായി ഇന്ത്യൻ എംബസ്സിയെ സമീപിക്കുക, മറ്റു രേഖകൾ പുതുക്കുന്നതിനായി കാലാവധി തീരുന്നതിനു മുൻപു തന്നെ നിങ്ങളുടെ തൊഴിലുടമയെ വിവരം ധരിപ്പിക്കണം.

- നിങ്ങൾക്ക് ബാങ്കോ ഇന്റർനാഷനൽ മണി എക്സ്പ്രസ്സ് വെസ്റ്റേൺ യൂണിയൻ, മണിഗ്രാം എന്നിങ്ങനെയുള്ള മണി ട്രാൻസ്ഫർ കമ്പനികൾ വഴിയോ കുടുംബത്തിലേയ്ക്ക് പണമയയ്ക്കാവുന്നതാണ്. ഹുണ്ടി രീതിയിലോ മറ്റൊരാൾ വഴിയായോ അയാളെ പൂർണ്ണമായും വിശ്വസിക്കുവാൻ കഴിയില്ലെങ്കിൽ പണം അയയ്ക്കുന്നതു സുരക്ഷിതമല്ല.

- നിങ്ങളുടെ സമ്പാദ്യം നേരിട്ട് നിങ്ങളുടെയോ കുടുംബത്തിന്റെയോ ഇന്ത്യയിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതുമാണ്. ഈ സമ്പാദ്യം മടങ്ങി വരുമ്പോൾ നിങ്ങൾക്കു പ്രയോജനപ്പെടും.

## നിങ്ങളുടെ നില (സ്ഥാനം) എന്താണെന്നു മനസ്സിലാക്കുക.

**ഞാൻ ഒരു അംഗീകൃത പ്രവാസി ജോലിക്കാരനാണോ?**

ഒരു അംഗീകൃത പ്രവാസിയ്ക്ക് പാസ്സ്പോർട്ടും വിസയും വർക്ക് പെർമിറ്റും ഉണ്ടായിരിക്കണം. ഇന്ത്യയിലെ ഒരു അംഗീകൃത റിക്രൂട്ട്മെന്റ് സ്ഥാപനം വഴിയോ അതല്ലെങ്കിൽ ആവശ്യമായ നടപടികളിലൂടെ വ്യക്തിപരമായ രീതിയിലോ യു എ ഇ യിൽ എത്തുമ്പോൾ ഇവ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഈ രേഖകൾ നിങ്ങളുടെ കൈവശമില്ലെങ്കിൽ നിങ്ങൾ ഒരു അനധികൃത ജോലിക്കാരനായി കണക്കാക്കപ്പെടും, അങ്ങനെ ജോലിചെയ്യുന്നത് യു എ ഇ യിൽ നിയമവിരുദ്ധമാണ്. അത്തരം സാഹചര്യങ്ങളിൽ സഹായത്തിനായി ഈ ലഘുലേഖയുടെ അവസാനഭാഗത്ത് നൽകിയിട്ടുള്ള സംഘടനകളിലേതെങ്കിലുമായി ബന്ധപ്പെടുക.



കരാർ കാലാവധി അവസാനിക്കുക, ജോലിയിൽ നിന്നു പിരിച്ചു വിടപ്പെടുക, രാജ്യത്ത് ആദ്യമായി എത്തുന്ന വേളയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കാതെ വരുക എന്നിങ്ങനെയുള്ള സാഹചര്യങ്ങളിൽ നിങ്ങൾ ഇന്ത്യയിലേയ്ക്ക് മടങ്ങിപ്പോരേണ്ടതാണ്.

## ഒരു അംഗീകൃത പ്രവാസി തൊഴിലാളി എന്ന നിലയിലുള്ള നിങ്ങളുടെ അവകാശങ്ങൾ

- **നിങ്ങൾക്ക് യു എ ഇ യ്ക്കുള്ളിൽ എവിടെയും യാത്ര ചെയ്യുവാനുള്ള അവകാശമുണ്ട്.** എന്നിരുന്നാലും, യാത്ര ചെയ്യുന്നതിനുള്ള തീരുമാനമെടുക്കുമ്പോൾ നിങ്ങളുടെ തൊഴിലുടമയെ വിവരമറിയിക്കുന്നതാണ് ഉചിതം. എല്ലായ്പ്പോഴും തിരിച്ചറിയൽ കാർഡ് (എമിറേറ്റ്സ് ഐ ഡി കാർഡ്) കൈവശം കരുതുകയും വേണം.



- **ദുബായ് അല്ലെങ്കിൽ അബുദാബി ആരോഗ്യവകുപ്പിൽ നിന്നുള്ള ഇൻഷുറൻസ് തൊഴിലുടമ നിങ്ങൾക്കായി സജ്ജമാക്കിത്തരേണ്ടതാണ്.** ഈ ഇൻഷുറൻസ് പരിരക്ഷയിൽ സാധാരണ ഡോക്ടറുടെ സേവനങ്ങൾ, അടിയന്തിര ചികിത്സ, വിദഗ്ധ ഡോക്ടർമാരുടെ സേവനമാവശ്യപ്പെടുക, ശസ്ത്രക്രിയ, പരിശോധന, മറ്റേണിറ്റി ചികിത്സകൾ എന്നിവ ഉൾപ്പെടുന്നു. ഈ പരിരക്ഷയിൽ ഗാർഹിക തൊഴിലാളികളും ഉൾപ്പെടുന്നു.

- **വർക്ക് മെൻ'സ് കോമ്പൻസേഷൻ ആക്ടിനു (ചാപ്ടർ ഫെഡെറൽ ലോ നമ്പർ ) കീഴിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിങ്ങൾ ഇൻഷ്വർ ചെയ്തിരിക്കപ്പെടണം.** . ജോലിസ്ഥലത്തു വച്ച് പരുക്കോ അസുഖമോ ഉണ്ടായാൽ ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് ഈ പദ്ധതി നിങ്ങളെ അർഹരാക്കുന്നു. നഷ്ടപ്പെട്ട ശമ്പളം, പുനരധിവാസം, ചികിത്സാ ചെലവുകൾ, മരണാനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയുടെ ആനുകൂല്യങ്ങളിൽ പെടുന്നു.

- **വിദേശത്തുവച്ച് മരണമോ സ്ഥിരവൈകല്യമോ സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇന്ത്യൻ പ്രവാസി ഇൻഷുറൻസ് (പ്രവാസി ഭാരതീയ ബീമാ യോജന)യിൽ നിന്ന് നഷ്ടപരിഹാരത്തുക ലഭിക്കാനുള്ള അർഹതയു**ണ്ട് വൈകല്യത്തിനുള്ള നഷ്ടപരിഹാരം അതിന്റെ ഗുരുതരാവസ്ഥയ്ക്ക് അനുസൃതമായിരിക്കും. എന്നാൽ, ഒരു തൊഴിലാളി ബോധപൂർവ്വം സ്വയം പരുക്കേൽപ്പിച്ചാൽ ഇൻഷുറൻസ് ലഭിക്കുന്നതല്ല. അപകടമുണ്ടായി പരുക്കു പറ്റിയാൽ തൊഴിലുടമ വിവരം പോലീസിനെ അറിയിക്കേണ്ടതാണ്. നിങ്ങൾക്കും വിവരം പോലീസിനെ അറിയിക്കാം. അതേ വിവരങ്ങൾ തൊഴിൽ വകുപ്പിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

- **നിങ്ങൾക്ക് ജോലി സംബന്ധമായ പരുക്കുകളോ തൊഴിലനുബന്ധ രോഗങ്ങളോ അനുഭവപ്പെട്ടാൽ , ഡോക്ടർ നിർദ്ദേശിക്കുന്ന ചികിത്സാകാലയളവിലുടനീളം ശമ്പളം ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.** എന്നിരുന്നാലും, ആദ്യത്തെ ആറുമാസത്തിനു ശേഷം, തുടർന്നുള്ള ആറുമാസക്കാലത്തേയ്ക്കോ പൂർണ്ണമായി സുഖപ്പെടുകയോ വൈകല്യം ഉറപ്പാക്കുകയോ ചെയ്യുന്നതു വരേയ്ക്കോ (ഏതാണു കുറവെന്നതനുസരിച്ച്) നിങ്ങൾക്ക് പാതി ശമ്പളത്തിനേ അർഹതയുണ്ടാകൂ. ആശുപത്രിവാസത്തിനായി പ്രവാസി ഇൻഷുറൻസിൽ (പ്രവാസി ഭാരതീയ ബീമാ യോജനയിൽ) നിന്ന് 75000 ഇന്ത്യൻ രൂപയും ലഭിക്കുന്നതാണ്.

- **സ്ഥിര വൈകല്യം അഥവാ മരണം സംഭവിച്ചാൽ നിങ്ങളുടെ അനന്തരാവകാശി/ നിങ്ങൾ പത്തുലക്ഷം രൂപയ്ക്ക് അർഹനാണ്;** പ്രവാസി ഭാരതീയ ബീമാ യോജനയിൽ, ഇന്ത്യയിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ് വഴി അംഗമായി ചേർന്നിട്ടുള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

## തൊഴിൽ തർക്കങ്ങൾ



- ശമ്പളം , അവധി, സേവനാനന്തര ആനുകൂല്യങ്ങൾ എന്നിവ ലഭിക്കാതിരിക്കുക അല്ലെങ്കിൽ ജോലി സംബന്ധമായ എന്തെങ്കിലും പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ നിങ്ങളുടെ തൊഴിലുടമയുമായി എന്തെങ്കിലും തർക്കമുണ്ടായാൽ, നിങ്ങൾക്ക് ഇന്ത്യൻ എംബസ്സിയുടെ തൊഴിൽ, സാമൂഹ്യക്ഷേമ (ലേബർ ആൻഡ് സോഷ്യൽ വെൽഫെയർ) വിഭാഗവുമായി പ്രശ്നപരിഹാരത്തിനു ബന്ധപ്പെടാവുന്നതാണ്. ആദ്യപടിയായി ഒരു എംബസ്സി ഉദ്യോഗസ്ഥൻ തൊഴിലുടമ/ സ്പോൺസറുമായി കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ശ്രമിക്കും. ഒത്തുതീർപ്പിലെത്താനാവുന്നില്ലെങ്കിൽ , പ്രശ്നം യു എ ഇ തൊഴിൽ മന്ത്രാലയത്തിന്റെ പരിഗണനയിൽ കൊണ്ടുവരും. പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ നിങ്ങൾ ലേബർ കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്.

## പോലീസ് നിങ്ങളെ തടഞ്ഞു നിർത്തുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്താൽ

- ഒരു ആകസ്മിക പരിശോധനയ്ക്കായി പോലീസ് ഉദ്യോഗസ്ഥൻ നിങ്ങളെ തടഞ്ഞു നിർത്തിയാൽ, നിങ്ങളുടെ പേരും വിലാസവും അവർ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങളും നൽകുക, ആവശ്യപ്പെട്ടാൽ ഐ ഡി കാർഡ് കാണിക്കുകയും വേണം.

- നിങ്ങളുടെ പോക്കറ്റിലോ ബാഗുകളിലോ കൈയിടാൻ പോലീസ് ഉദ്യോഗസ്ഥനെഅനുവദിക്കരുത്. നിങ്ങളുടെ കൈവശമുള്ള വസ്തുക്കൾ പരിശോധിക്കണമെന്നാവശ്യപ്പെട്ടാൽ, നിങ്ങൾ സ്വയം വസ്തുക്കൾ ഓരോന്നായി അവയുടെ പേരു പറഞ്ഞുകൊണ്ട് പുറത്തെടുത്ത് കാണിച്ചുകൊടുക്കുക. പോക്കറ്റും ബാഗുകളും ഒഴിയുമ്പോൾ അവ ഉൾവശം തിരിച്ച് കാണിക്കുക.

- ഒരു സ്ത്രീയുടെ ദേഹപരിശോധനനടത്തുവാൻ ഒരു വനിതാ ഓഫീസർക്കു മാത്രമേ അവകാശമുള്ളു. അത് അന്തസ്സായി ചെയ്യുകയും വേണം. നിങ്ങളുടെ സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കുവാൻ പോലീസ് ഉദ്യോഗസ്ഥന് അധികാരമില്ല.

- എന്തെങ്കിലും കുറ്റം (മോഷണം, കൊലപാതകം, മയക്കുമരുന്നു കച്ചവടം എന്നിവ പോലുള്ള) ചെയ്തുവെന്ന സംശയത്തിലോ കുടിയേറ്റ നിയമങ്ങൾ ലംഘിച്ചതിനോ (കാലാവധി കഴിഞ്ഞുള്ള താമസം, അനധികൃത താമസം) ഐ ഡി കാർഡ് ഇല്ലാത്തതിനോ പോലീസിന് നിങ്ങളെ അറസ്റ്റ് ചെയ്യാവുന്നതാണ്. അതുപോലെ, ഇസ്ലാമിക നിയമം (ശരി അത്ത്) പ്രകാരം നിയമവിരുദ്ധവും ശിക്ഷാർഹവുമായ ഏതു പ്രവൃത്തിയുടെ പേരിലും നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടാം. പരസ്യ മദ്യപാനം, മറ്റു മദ്യപാന സംബന്ധമായ കുറ്റങ്ങൾ, സ്വവർഗ്ഗ ലൈംഗികത, കൂടുതൽ അടുപ്പം കാണിക്കുന്ന പരസ്യമായ ആൺ പെൺ ബന്ധങ്ങൾ പരസ്യമായ ആൺ പെൺ ബന്ധങ്ങൾ അല്ലെങ്കിൽ മതപരിവർത്തനശ്രമങ്ങൾ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടും.

- എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യപ്പെട്ടതെന്ന് ചോദിക്കുക, പക്ഷേ എതിർക്കരുത്. അറസ്റ്റ് ചെയ്യപ്പെട്ടാൽ, നിങ്ങൾക്ക് സഹായത്തിനായി ഇന്ത്യൻ എംബസ്സിയെ സമീപിക്കുന്നതിനുള്ള അവകാശമുണ്ട്. അതുപോലെ നിങ്ങൾക്ക് തൊഴിലുടമ, ബന്ധുക്കൾ, സുഹൃത്തുക്കൾ, വക്കീൽ , മറ്റു വ്യക്തികൾ, സംഘടനകൾ എന്നിവരെയും സഹായത്തിനായി സമീപിക്കാവുന്നതാണ്.

- പോലീസിന്റെ തടവിലായിരിക്കുമ്പോൾ നിങ്ങളുടെ പാസ്സ്പോർട്ടോ ഏതെങ്കിലും സുഹൃത്തിന്റെ പാസ്സ്പോർട്ടോ പോലീസിൽ നിക്ഷേപിക്കുകയാണെങ്കിൽ വിചാരണയ്ക്കു മുൻപ് നിങ്ങളെ പുറത്തു വിട്ടേക്കാം. ഒരു സുഹൃത്തിനെ പോലീസ് കസ്റ്റഡിയിൽ നിന്നും രക്ഷിക്കുന്നതിനായി നിങ്ങളുടെ പാസ്സ്പോർട്ട് പോലീസിനു കൈമാറുമ്പോൾ ഓർക്കുക, സുഹൃത്ത് വിചാരണയ്ക്കെത്തിയില്ലെങ്കിൽ നിങ്ങൾ അപകടത്തിലാകും. നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയില്ല, പക്ഷേ പോലീസിന്റെ കൈയിൽ നിന്നും പാസ്സ്പോർട്ട് വിട്ടുകിട്ടുന്നതുവരെ നിങ്ങൾ യു എ ഇ യിൽ കുടുങ്ങും. ചിലപ്പോൾ പാസ്സ്പോർട്ട് വിട്ടുകിട്ടുന്നതിന് കൂടുതൽ കാലമെടുത്തേക്കാം.

എന്താണെന്നു മനസ്സിലാകാത്ത ഏതെങ്കിലും രേഖകളിൽ ഒപ്പുവയ്ക്കുകയോ ഏതെങ്കിലും സമ്മതിച്ചു കൊടുക്കുകയോ ചെയ്യുന്നത് ഒഴിവാക്കുവാൻ ശ്രമിക്കുക. ചുമത്തിയിട്ടുള്ള കുറ്റങ്ങളും

- ശിക്ഷകളും സമയമെടുത്ത് മനസ്സിലാക്കുക.
- ഏതെങ്കിലും കുറ്റകൃത്യത്തിന്റെ പേരിലാണു നിങ്ങൾ അറസ്റ്റ് ചെയ്യപ്പെട്ടതെങ്കിൽ പബ്ലിക് പ്രോസിക്യൂട്ടറിന് നിങ്ങളുടെ കേസ് ഏൽപ്പിച്ചുകൊടുക്കുവാൻ പോലീസിനു മണിക്കൂർ ലഭിക്കും.

## നിങ്ങളെ ഒരു കോടതിയിലേയ്ക്ക് കൊണ്ടുപോകുകയാണെങ്കിൽ

- വാറണ്ടില്ലാതെയാണ് അറസ്റ്റ് ചെയ്യപ്പെട്ടതെങ്കിൽ, കോടതിയിലെ കേസ് നമ്പറും ചാർജ് ഷീറ്റിന്റെ കോപ്പിയും ആവശ്യപ്പെടുക. നിങ്ങൾക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങളെന്താണെന്നറിയുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.
- നിയമജ്ഞന്മാരാൽ പ്രതിനിധീകരിക്കപ്പെടുവാൻ നിങ്ങൾക്കർഹതയുണ്ട്. ഇന്ത്യൻ എംബസ്സിയിൽ നിന്ന് നിങ്ങൾക്ക് അഭിഭാഷകനെയും മറ്റു സഹായങ്ങളും ആവശ്യപ്പെടാം. യു എ ഇ യിലെ നിയമനടപടികൾ അറബി ഭാഷയിലാണ് നടത്തപ്പെടുത്തുന്നത്, അതിനാൽ ദ്വിഭാഷിയെ ആവശ്യപ്പെടണം.
- ചുമത്തിയിട്ടുള്ള കുറ്റങ്ങളും ശിക്ഷ/ പിഴകളും സമയമെടുത്ത് മനസ്സിലാക്കുക.
- ചുമത്തിയിട്ടുള്ള കുറ്റങ്ങൾ മനസ്സിലാകാത്ത പക്ഷം അതിന്റെ പേരിൽ വാദിക്കാതിരിക്കുക. വാദിക്കണമെന്ന് തോന്നുന്നപക്ഷം ഏറ്റവും കുറഞ്ഞ ശിക്ഷയ്ക്കായി വാദിക്കുക, ചാട്ടയടി ഒഴിവാക്കുന്നതിനും അപേക്ഷിക്കുക.

## അറസ്റ്റിനുശേഷവും തടവിലായിരിക്കുന്ന സമയത്തുമുള്ള അവകാശങ്ങൾ മനസ്സിലാക്കുക



- നിങ്ങളെ അറസ്റ്റ് ചെയ്യുകയോ തടവിൽ വച്ചിരിക്കുകയോ ആണെങ്കിൽ ചോദ്യം ചെയ്യപ്പെടുകയും ഒരു പ്രസ്താവനനൽകാൻ ആവശ്യപ്പെടുകയും ചെയ്യും. പ്രസ്താവനനൽകുവാൻ നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ ചോദ്യം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേരും പദവിയും കുറിച്ചു വയ്ക്കുക.
- നിങ്ങൾ പോലീസിന് ഒരു പ്രസ്താവനനൽകുവാൻ ബാധ്യസ്ഥനല്ല, പ്രത്യേകിച്ച് നിയമസഹായത്തിന്റെ അഭാവത്തിൽ.
- നിങ്ങളുടെ പൂർണ്ണമായ പേരും വിലാസവും വയസ്സും തൊഴിൽ വിവരങ്ങളും നൽകുവാൻ മാത്രമാണു ബാധ്യതയുള്ളത്.
- നിങ്ങൾ പോലീസിനു നൽകുന്ന വിവരങ്ങൾ, കുറ്റം ചുമത്തപ്പെട്ടുകഴിഞ്ഞാൽ കോടതിയിൽ നിങ്ങൾക്കെതിരായ തെളിവുകളായി ഉപയോഗിക്കുവാൻ പോലീസിനു കഴിയും.
- നിങ്ങളുടെ അഭിഭാഷകൻ എത്തുന്നതുവരെ നിശബ്ദനായിരിക്കുവാൻ നിങ്ങൾക്കവകാശമുണ്ട്.
- നിങ്ങൾക്ക് കുടുംബവുമായോ സുഹൃത്തുമായോ വക്കീലുമായോ അതുമല്ലെങ്കിൽ ഇന്ത്യൻ എംബസ്സി, കോൺസുലേറ്റ് എന്നിവയുമായോ ബന്ധപ്പെടുവാനുള്ള അവകാശമുണ്ട്.

## വനിതാ പ്രവാസികൾക്കുള്ള പ്രത്യേക അറിയിപ്പ്



- ഒരേ ജോലിയ്ക്ക് പുരുഷന്മാർക്കു ലഭിക്കുന്ന വേതനത്തിനു തുല്യമായ വേതനം ലഭിക്കുവാൻ നിങ്ങൾക്കവകാശമുണ്ട്. ഗാർഹിക തൊഴിലാളികളല്ലാത്ത സ്ത്രീകളെ രാത്രി മണിക്കും രാവിലെ മണിക്കും ഇടയിൽ ജോലി ചെയ്യിക്കുവാൻ പാടുള്ളതല്ല.
- ഗാർഹികജോലിയിലുള്ള സ്ത്രീകൾ അധിക്ഷേപത്തിന്റെ ഇരകളാകുന്നതിനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഇന്ത്യൻ എംബസ്സിയുടെ ഫോൺ നമ്പർ നിങ്ങളുടെ കൈയിലുണ്ടെന്ന് ഉറപ്പുവരുത്തുക. എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഉടൻ തന്നെ സഹായത്തിനായി അപേക്ഷിക്കുക.
- തൊഴിലുടമയെ വിട്ടുപോരുന്നതിനു നിർബന്ധിതമാക്കുന്ന തരത്തിലുള്ള എന്തെങ്കിലും അനുഭവമുണ്ടാകുകയാണെങ്കിൽ, ഇന്ത്യയിലേയ്ക്ക് മടങ്ങാനാകുന്നതുവരെ, ഇന്ത്യൻ എംബസ്സി ദുബായിയിൽ നടത്തുന്ന അഭയകേന്ദ്രത്തിൽ താൽക്കാലികമായി താമസിക്കാവുന്നതാണ്.
- വയസ്സിൽ താഴെ പ്രായമുള്ള സ്ത്രീകൾ ഗാർഹികജോലികൾക്കായി വിദേശങ്ങളിൽ പോകുന്നത് ഇന്ത്യൻ ഗവണ്മെന്റ് നിരോധിച്ചിരിക്കുന്നു. നിങ്ങളുടെ പ്രായം 30 വയസ്സിനു താഴെയാണെങ്കിൽ, ഇന്ത്യൻ എംബസ്സിയുമായോ അതിന്റെ ഹോട്ട് ലൈൻ ടെലിഫോൺ നമ്പറുമായോ സമ്പർക്കപ്പെടുക.

## കൗമാരപ്രായത്തിലുള്ള പ്രവാസികൾക്കായുള്ള പ്രത്യേക അറിയിപ്പ്

- നിങ്ങൾ വയസ്സിൽ താഴെയുള്ള സ്വതന്ത്രപ്രവാസി (കൂടെ കുടുംബാംഗ ചെയ്യുന്നത് യു എ ഇ യിൽ അനുവദനീയമല്ല. നിങ്ങൾ 16 വയസ്സിൽ താഴെയുള്ള സ്വതന്ത്രപ്രവാസി (കൂടെ കുടുംബാംഗങ്ങളോ മറ്റാരുമില്ലാത്ത) ആണെങ്കിൽ എംബസ്സിയിലെ ലേബർ ആൻഡ് സോഷ്യൽ വെൽഫെയർ ഓഫീസറുമായി സഹായത്തിനു ബന്ധപ്പെടുക. അധികാരികൾ പ്രായമന്വേഷിക്കുകയാണെങ്കിൽ നുണ പറയാതിരിക്കുക. (തെറ്റായ പ്രായം ഒരു രേഖയിലും നൽകുവാൻ പാടില്ല)



## സുരക്ഷിതരായിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

- **നല്ല ശമ്പളമുള്ള ഒരു ജോലി എളുപ്പത്തിൽ നേടിത്തരാമെന്നു പറഞ്ഞ് സൗഹൃദത്തിലാകുന്ന ആരെയും ശ്രദ്ധാപൂർവ്വം മാത്രം വീക്ഷിക്കുക** അവർ നിങ്ങളോട് നുണ പറയുന്നതാകും.

- **മറ്റൊരു ജോലി കണ്ടുപിടിച്ചു തരാമെന്നോ കൂടുതൽ മെച്ചപ്പെട്ട ജോലി തരാമെന്നോ പറയുന്ന ആരെയും അതീവശ്രദ്ധയോടെ മാത്രം വീക്ഷിക്കുക** നിങ്ങളെ മറ്റൊരു തൊഴിലിൽ ഏർപ്പെടുവിക്കുന്നതിലൂടെ അവർ കമ്മീഷൻ നേടുന്നുണ്ടാകും, അതിനാൽ നിങ്ങളുടെ താല്പര്യങ്ങളായിരിക്കില്ല അവരുടെ പ്രഥമ പരിഗണനയിൽ വരുന്നത്.



- **നിങ്ങളുടെ പാസ്സ്പോർട്ടോ മറ്റ് തിരിച്ചറിയൽ രേഖകളോ സൂക്ഷിക്കാമെന്ന വാഗ്ദാനവുമായി സമീപിക്കുന്നവരെ ശ്രദ്ധിക്കുക** നിങ്ങൾക്ക് ഈ രേഖകൾ എല്ലായ്പ്പോഴും ആവശ്യമായതിനാൽ മറ്റൊരാളെ അവ സൂക്ഷിക്കുവാനേൽപ്പിക്കുന്നത് അപകടകരമാണ്. നിങ്ങളുടെപാസ്സ്പോർട്ട് തൊഴിലുടമയെയോ ബ്രോക്കറെയോ ഒരു കാരണവശാലും ഏൽപ്പിക്കരുത്. പാസ്സ്പോർട്ട് നിങ്ങളുടെ വ്യക്തിഗതസ്വത്താണ്, അത് സ്വയം സൂക്ഷിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്.




- **അപരിചിതരെ വിശ്വസിക്കരുത്!** സ്ത്രീയോ പുരുഷനോ ആകട്ടെ, സൗഹൃദപരമായി പെരുമാറുന്നവരെപ്പോലും വിശ്വസിക്കാതിരിക്കുക. എന്നാൽ, മറ്റ് ഇന്ത്യൻ പ്രവാസികളിൽ ചിലരുമായി സൗഹൃദത്തിലാകുന്നതിനു ശ്രമിക്കണം.

- **നിങ്ങളുടെ ചുറ്റുപാടുകളിലെ വഴികൾ മനസ്സിലാക്കുക.** സമീപത്തുള്ള മതകേന്ദ്രങ്ങൾ, പോലീസ് സ്റ്റേഷനുകൾ, ആശുപത്രികൾ, സഹായ കേന്ദ്രങ്ങൾ എന്നിവ എവിടെയാണെന്ന് അറിഞ്ഞിരിക്കുക. എന്തെങ്കിലും പ്രശ്നത്തിലകപ്പെട്ടാൽ ഇത്തരം സ്ഥാപനങ്ങൾ നിങ്ങൾക്കു അഭയമായേക്കാം.

- **നിങ്ങൾക്ക് വർക്ക് പെർമിറ്റ് വാങ്ങിത്തരാമെന്നോ അധികാരസ്ഥാപനങ്ങളിൽ പേരു രജിസ്റ്റർ ചെയ്യാമെന്നോ പറഞ്ഞ് സമീപിക്കുന്ന ബ്രോക്കറെ വിശ്വസിക്കരുത്.** നിങ്ങൾ തൊഴിലുടമ/ സ്പോൺസറിന്റെ കീഴിൽ നിയമപരമായി രജിസ്റ്റർ ചെയ്ത, അതേ തൊഴിലുടമയുടേതായ സാധുതയുള്ള വർക്ക് പെർമിറ്റ് ലഭിച്ചിട്ടുള്ള ആളാണെങ്കിൽ അവ പുതുക്കുന്നതിനുള്ള സഹായം ചെയ്യേണ്ടത് അദ്ദേഹത്തിന്റേതു മാത്രമായ കടമയാണ്.




## സഹായ ലഭ്യത

**വീട്ടിലേയ്ക്ക് ഫോൺ ചെയ്യുന്നതിന്:** യു എ ഇ യിൽ ജീവിക്കുമ്പോൾ വീട്ടിലേയ്ക്ക് ഫോൺ ചെയ്യണമെങ്കിൽ ആദ്യം ഡയൽ ചെയ്തിട്ട് നിങ്ങളുടെ ലോക്കൽ ഏരിയ കോഡും നമ്പറും ഡയൽ ചെയ്യുക. മൊബൈൽ നമ്പറിൽ വിളിക്കുന്നതിന് ആദ്യം ഡയൽ ചെയ്തിട്ട് പത്തക്ക മൊബൈൽ നമ്പർ ഡയൽ ചെയ്യുക.

### സാഹചര്യഭേദമില്ലാതെ ഓരോരുത്തരും സഹായലഭ്യതയ്ക്ക് അർഹരാണ്.

ഈ ലഘുലേഖയിലെ വസ്തുതകളൊന്നും നിങ്ങൾക്ക് മനസ്സിലാകുന്നില്ല, അഥവാ സഹായമാവശ്യമുണ്ടായിട്ടും അധികാരികളെ സമീപിക്കുവാൻ ഭയന്നിരിക്കുകയാണ് എങ്കിൽ താഴെ തന്നിരിക്കുന്ന പട്ടികയിലെ ഏതെങ്കിലും ഒരു സംഘടനയുമായി ബന്ധപ്പെടാവുന്നതാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് അറസ്റ്റ് ചെയ്യപ്പെടുമെന്നോ നാടു കടത്തപ്പെടുമെന്നോ ഭയപ്പെടേണ്ടതില്ല



## ഇന്ത്യൻ എംബസ്സിയിൽ രജിസ്റ്റർ ചെയ്യുക

യു എ ഇ യിൽ എത്തിക്കഴിഞ്ഞാൽ അബുദാബിയിലുള്ള ഇന്ത്യൻ എംബസ്സിയിലോ ദുബായിയിലുള്ള കോൺസുലേറ്റ് ജനറലിന്റെ ഓഫീസിലോ പേരു രജിസ്റ്റർ ചെയ്യുന്നത് വളരെ നല്ലതാണ്. അങ്ങനെ ചെയ്താൽ നിങ്ങൾ അപകടത്തിൽ പെടുകയോ സഹായമാവശ്യമായി വരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മിഷൻ ഉദ്യോഗസ്ഥർക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയും.

| | |
|---|---|
| **ഇന്ത്യൻ എംബസ്സി** | പി ഓ ബോക്സ്<br>അബുദാബി യു എ ഇ<br>ഫോൺ<br>ഇ മെയിൽ<br>വെബ്സൈറ്റ് |
| **കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ** | അൽ ഹംറിയ<br>ഡിപ്ലോമാറ്റിക് എൻക്ലേവ്<br>ബർ ദുബായ്<br>പി ഓ ബോക്സ്<br>ദുബായ് യു എ ഇ<br>ഫോൺ<br>ഇ മെയിൽ |

| | |
|---|---|
| **ദുരിതത്തിലകപ്പെടുന്ന വനിതാ ഗൃഹപരിചാരകർക്കു വേണ്ടി** | വെബ് സൈറ്റ്<br>ഹോട്ട് ലൈൻ<br>അവധി ദിനങ്ങളിലും ഔദ്യോഗികസമയങ്ങൾക്കു ശേഷവുമുള്ള ചരമ ഔപചാരികകതകൾക്കമുള്ള ഹോട്ട്ലൈൻ |
| **ഇന്ത്യൻ വർക്കേഴ്സ് റിസോഴ്സ് സെന്റർ ( )** | എൽ , സിൽവർ ടവർ , ക്ലസ്റ്റർ<br>പി ഓ ബോക്സ്<br>ജുമൈറാ ലേക്ക്സ് ടവേഴ്സ്<br>ദുബായ്, യു എ ഇ<br>ഫോൺ |
| **അവധി ദിനങ്ങളിലും ഔദ്യോഗികസമയങ്ങൾക്കു ശേഷവുമുള്ള ചരമ ഔപചാരികതകൾക്ക്** | ഹെൽപ് ലൈൻ<br>എസ് എം എസ്<br>വെബ്സൈറ്റ്<br>ഇ മെയിൽ<br>ഫോൺ |
| **ഇന്ത്യൻ കമ്യൂണിറ്റി വെൽഫെയർ കമ്മിറ്റി (കഇണഇ)** | ഫോൺ<br>ഇ മെയിൽ |
| **ഐ വി എസ് ഗ്ലോബൽ ഹെൽപ്പ്ലൈൻ നമ്പർ (അറ്റസ്റ്റേഷനു വേണ്ടി)** | ഫോൺ |

## ഗവണ്മെന്റിതര സ്ഥാപനങ്ങൾ

| | |
|---|---|
| **റെഡ് ക്രിസന്റ് സൊസൈറ്റി യു എ ഇ** | പി ഓ ബോക്സ്<br><br>ഫോൺ<br>വെബ്സൈറ്റ്<br>ഇമെയിൽ |
| **അഭയാർത്ഥികൾക്കു വേണ്ടിയുള്ള യുണൈറ്റഡ് നേഷൻസ് ഹൈ കമ്മീഷണർ ഓഫീസ് ( )** | ബൈനൂന<br>അൽ ബത്തീൻ ഏരിയ<br>വില്ല സ്ട്രീറ്റ്<br>അബുദാബി യു എ ഇ<br>ഫോൺ<br>ഇമെയിൽ |

## ഗവണ്മെന്റ് അധികാരസ്ഥാപനങ്ങൾ

യു എ ഇ തൊഴിൽ വകുപ്പ് മന്ത്രാലയം

തൊഴിൽ സംബന്ധമായ എല്ലാ പ്രശ്നങ്ങളെയും നിയന്ത്രിക്കുന്നത് തൊഴിൽ വകുപ്പ് മന്ത്രാലയം അഥവാ അതിന്റെ ദുബായിയിലുള്ള ലേബർ ഡിപ്പാർട്ട്മെന്റ് ആണ്. വർക്ക് പെർമിറ്റുകൾ (ലേബർ കാർഡുകൾ) നൽകുന്നതിന്റെയും തൊഴിൽ വിലക്കുകൾ ഏർപ്പെടുത്തുന്നതിന്റെയും ചുമതല ഈ മന്ത്രാലയത്തിനാണ്. ഗൃഹപരിചാരകരുടെ ലേബർ പെർമിറ്റ് മാത്രമാണിതിനൊരു അപവാദം. അവ കൈകാര്യം ചെയ്യുന്നത് ഇമിഗ്രേഷൻ ഡിപ്പാർട്ട്മെന്റാണ്. ഗൃഹജോലിക്കാരുടെ റെസിഡൻസ് പെർമിറ്റും ഇമിഗ്രേഷൻ ഡിപ്പാർട്ട്മെന്റ് തന്നെയാണു നൽകുന്നത്.

എംപ്ലോയ്മെന്റ് വിസ എന്നറിയപ്പെടുന്ന എംപ്ലോയ്മെന്റ് എൻട്രി പെർമിറ്റ് ലേബർ കാർഡോ വർക്ക് പെർമിറ്റോ അല്ലെന്ന് മനസ്സിലാക്കുക. അത് യു എ ഇ യിലേയ്ക്ക് താൽക്കാലികമായി ( ദിവസത്തേയ്ക്ക്) പ്രവേശിക്കുന്നതിന് ഇമിഗ്രേഷൻ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഒരു പ്രവേശനാനുമതി മാത്രമാണ്. ലേബർ കാർഡും വർക്ക് പെർമിറ്റും ലഭിക്കുന്നതിനുള്ള പ്രക്രിയകൾ തൊഴിലുടമ ചെയ്യുന്ന കാലയളവിൽ, അതേ തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നതിന് ഈ എംപ്ലോയ്മെന്റ് എൻട്രി പെർമിറ്റ് മുഖേന സാധ്യമാകുന്നു. എന്നിരുന്നാലും, തൊഴിലാളിയ്ക്കുള്ള വർക്ക് പെർമിറ്റ് മന്ത്രാലയം അംഗീകരിക്കുന്നതുവരെ ( നൽകുന്നതുവരെയല്ല) ഇമിഗ്രേഷൻ ഡിപ്പാർട്ട്മെന്റ് എൻട്രി പെർമിറ്റ് നൽകുന്നതല്ല. അതിനാലാണ് ഇത്തരം കാര്യങ്ങൾ സജ്ജമാകുന്നതിന് ആഴ്ചകളുടെ സമയം എടുക്കുന്നത്.

കോൺട്രാക്റ്റ്, ജോലിസാഹചര്യങ്ങൾ, ലേബർ കാർഡുകൾ, വർക്ക് പെർമിറ്റുകൾ എന്നിവ ഉൾപ്പടെയുള്ള ഏതു തൊഴിൽ സംബന്ധപ്രശ്നത്തിനും യു എ ഇ യിലെ ടോൾ ഫ്രീ നമ്പറായ ലോ അന്താരാഷ്ട്ര വരിക്കാർക്കു വേണ്ടിയുള്ള ലോ വിളിക്കുക.

അല്ലെങ്കിൽ എന്ന വിലാസത്തിൽ ഇ മെയിൽ ചെയ്യുക.

**മിനിസ്ട്രി ഓഫ് ലേബർ**

പി ഓ ബോക്സ്
അൽ സലാം സ്ട്രീറ്റ് , അൽ മത്താർ
ഖലീഫാ പാർക്കിനു സമീപം
അബുദാബി യു എ ഇ

ഫോൺ

## യു എ ഇ യിലുള്ള ലേബർ ഓഫീസുകളും സർവീസ് സെന്ററുകളും

ലേബർ മിനിസ്ട്രി (കൃത്യമായ ഓഫീസിലേയ്ക്ക് ഓഫീസർ നിങ്ങളെ നയിക്കുന്നതാണ്)

ദുബായ് കോടതിയിലെ ലേബർ റിലേഷൻസ് ഓഫീസ്

ഷാർജ കോടതിയിലെ ലേബർ റിലേഷൻസ് ഓഫീസ്

## യു എ ഇ ഹെൽപ്പ് ലൈൻ ടെലിഫോൺ നമ്പറുകൾ

പോലീസ്
തൊഴിൽ പരാതികൾ (ലേബർ മിനിസ്ട്രി)
ലേബർ മിനിസ്ട്രി (ഇന്റർ നാഷണൽ കോൾ സെന്റർ)
വിസ സംബന്ധമായ അന്വേഷണങ്ങളും ചോദ്യങ്ങളും
മനുഷ്യക്കടത്തിനു ഇരയാകുന്നവർക്ക്
ഇരകളുടെ സഹായ പദ്ധതി
യു എ ഇ റെഡ് ക്രിസന്റ്
നീതിന്യായ മന്ത്രാലയം
സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള അഭയകേന്ദ്രം
ദുബായ് പോലീസ് കോൾ സെന്റർ
ഷാർജാ പോലീസ് അടിയന്തിര വിഭാഗം
അജ്മാൻ പോലീസ് അടിയന്തിര വിഭാഗം
ഫുജൈറാ പോലീസ് അടിയന്തിര വിഭാഗം
ഉം അൽ ഖുവൈൻ  പോലീസ് അടിയന്തിര വിഭാഗം
റാസ് അൽ ഖൈമ  പോലീസ് അടിയന്തിര വിഭാഗം

## ഇന്ത്യൻ എംബസ്സിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാംസ്കാരികസംഘടനകൾ

രാജ്യത്തെ ജനസംഖ്യയുടെ 30 ശതമാനത്തോളോം വരുന്ന ഇന്ത്യൻ പ്രവാസി ജനതയാണ് യു എ ഇ യിലെഏറ്റവും വലിയ വിദേശ ജനസമൂഹമെന്നു കണക്കാക്കപ്പെടുന്നു. പ്രവാസി ജനവിഭാഗത്തിന്റെ സാമൂഹ്യ സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം യു എ ഇ യിലുണ്ട്. യു എ ഇ സർക്കാർ നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ഇത്തരം സംഘടനകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനാകും. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപെട്ട അഞ്ചു സംഘടനകൾ അബുദാബിയിലുണ്ട്. മറ്റ് ആറു എമിറേറ്റ്സുകളിലും ഓരോ സംഘടനവീതവും ഉണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾ അവയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന മറ്റു ചെറിയ സംഘടനകളുടെയും പ്രവാസിസംഘങ്ങളുടെയും  രക്ഷാധികാരികളായി വർത്തിക്കുന്നു. ഈ സംഘടനകൾ ഇന്ത്യൻ ജനസമൂഹത്തിന്റെ ക്ഷേമത്തിനായി നിലകൊള്ളുന്നു. ഇവ കലാ സാംസ്കാരിക കായികരംഗങ്ങളിൽ പ്രവർത്തനനിരതങ്ങളാണ്. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ് സന്ദർശിക്കുക:

| | |
|---|---|
| **ഇന്ത്യ സോഷ്യൽ ആൻഡ് കൾച്ചറൽ സെന്റർ** | പി ഓ ബോക്സ്<br>മീനസ്ട്രീറ്റ്<br>അബുദാബി, യു എ ഇ<br>ഫോൺ |

| | |
|---|---|
| | പി ഓ ബോക്സ് ഷാർജ, യു എ ഇ<br>ഫോൺ<br><br>വെബ്സൈറ്റ്<br>ഇ മെയിൽ |
| **അബുദാബി മലയാളി സമാജം** | പി ഓ ബോക്സ് അബുദാബി, യു എ ഇ<br>ഫോൺ |
| **കേരള സോഷ്യൽ സെന്റർ** | പി ഓ ബോക്സ്<br>(സബയ പോസ്റ്റ് ഓഫീസിനു എതിർവശം)<br>മദീനാ സെയ്ദ്<br>ഫോൺ |
| **ഇന്ത്യ ഇസ്ലാമിക് സെന്റർ** | പി ഓ ബോക്സ് അബുദാബി യു എ ഇ<br>ഫോൺ<br>ഇ മെയിൽ |
| **ഇന്ത്യൻ ലേഡീസ് അസോസിയേഷൻ** | പി ഓ ബോക്സ്<br>അബുദാബി യു എ ഇ<br>ഫോൺ |
| **ഇന്ത്യൻ അസോസിയേഷൻ** | റാസ് അൽ ഖൈമ<br>അൽ മമൂറ പി ഓ ബോക്സ്<br>റാസ് അൽ ഖൈമ, യു എ ഇ<br>ഫോൺ |
| **ഇന്ത്യൻ അസോസിയേഷൻ** | അജ്മാൻ പി ഓ ബോക്സ് അജ്മാൻ,<br>യു എ ഇ<br>ഫോൺ<br>ഫാക്സ്<br>ഇ മെയിൽ |
| **ഇന്ത്യൻ അസോസിയേഷൻ** | ഉം അൽ ഖുവൈൻ<br>ഓൾഡ് ടൗൺ ഉം അൽ ഖുവൈൻ, യു എ ഇ<br>ഠലഹ |

| | |
|---|---|
| **INDIAN SOCIAL CENTRE AJMAN** | പി ഓ ബോക്സ്<br>അൽ ദഫ്റാ അബുദാബി, യു എ ഇ<br>ഫോൺ<br>ഇ മെയിൽ |
| **ഇന്ത്യൻ ഇസ്ലാഹി സെന്റർ** | അൽ ദഫ്റാ<br>അബുദാബി, യു എ ഇ<br>ഫോൺ |
| **കേരള മുസ്ലിം കൾച്ചറൽ സെന്റർ** | മെയിൻ ഓഫീസ്<br>അൽ  ബർഹ<br>പി ഓ ബോക്സ്<br>ദുബായ് , യു എ ഇ<br>ഇ മെയിൽ<br>ഫോൺ |
| **മഹാരാഷ്ട്ര മണ്ഡൽ** | പി ഓ ബോക്സ്<br>അബുദാബി, യു എ ഇ<br>മൊബൈൽ ഫോൺ |
| **ദി രസമയി തെലുഗു കൾച്ചറൽ ഫോറം** | പി ഓ ബോക്സ്<br>ദുബായ്, യു എ ഇ<br>ഇ മെയിൽ |
| **തെലുഗു അസോസിയേഷൻ** | പി ഓ ബോക്സ്<br>ദുബായ്, യു എ ഇ.<br>ഫോൺ (ഓഫീസ്)<br>ഫോൺ (റെസിഡൻസ്) |
| **കർണാടക സംഘ്** | പി ഓ ബോക്സ്<br>ദുബായ്, യു എ ഇ<br>ഫാക്സ് |
| **തമിൾനാടു കൾച്ചറൽ അസോസിയേഷൻ** | പി ഓ ബോക്സ്<br>ദുബായ്, യു എ ഇ<br>ഫാക്സ് |

# നിങ്ങൾക്ക് അവകാശങ്ങളുണ്ട് ചുമതലകളും !

നിങ്ങളുടെ അവകാശങ്ങളെയും ചുമതലകളെയും കുറിച്ച് മനസ്സിലാക്കുന്നത്,
പീഡനങ്ങൾ ഒഴിവാക്കുന്നതിനും യു എ ഇ യിലെ ജീവിതകാലം പരമാവധി
പ്രയോജനപ്രദമായി ചെലവഴിയ്ക്കുന്നതിനും  സഹായകമാകും.

## ജാഗ്രതയോടെയിരിക്കുക !

യു എ ഇ യിൽ എങ്ങനെ സുരക്ഷിതമായി ജീവിക്കുകയും
ജോലിചെയ്യുകയും ചെയ്യാമെന്നുള്ളതിനെയും സഹായമാവശ്യമുള്ള
ഘട്ടങ്ങളിൽ എന്തു ചെയ്യണമെന്നുള്ളതിനെയും കുറിച്ചുള്ള
ഉപദേശങ്ങൾ  ഈ ലഘുലേഖ നിങ്ങൾക്കു പ്രദാനം ചെയ്യുന്നു.

## സമർത്ഥരായി യാത്ര ചെയ്യൂ, സമർത്ഥരായി ജോലി ചെയ്യൂ !



ഈ മാർഗ്ഗനിർദ്ദേശപുസ്തകം ILO GMS TRIANGLE പദ്ധതി രൂപം കൊടുത്ത സഹായപുസ്തകത്തെ അടിസ്ഥാനമാക്കി 'ദി സൗത്ത് ഏഷ്യ ലേബർ മൈഗ്രേഷൻ ഗവേണസ്'പദ്ധതിയുടെ ഭാഗമായി തയാറാക്കപ്പെട്ടതാണ്.

'ദി സൗത്ത് ഏഷ്യ ലേബർ മൈഗ്രേഷൻ ഗവേണസ്  പദ്ധതി'യുടെ സാമ്പത്തികസ്രോതസ്സ് യൂറോപ്യൻ യൂണിയനാണ്.

International
Labour
Organization